# മൈത്രി സന്ദേശം




മിർസാ ഗുലാം അഹ്മദ്

# ABOUT THE BOOK

In a world plagued with intolerance for cultural, racial and religious differences, *A Message of Peace* serves as a panacea to the ills of the society. Prophetic in foresight and universal in scope, this book lays out a path to the peaceful existence of all humans based on the central theme of worshipping the One God. It is not surprising therefore that *A Message of Peace* forms the last work of a man who was destined to lay the foundation for the establishment of peace in this day and age and whose advent was prophesied in all major religions of the worldthe Promised Messiah and Reformer of the Latter Days.

My countrymen! writes the Promised Messiah,A religion which does not inculcate universal compassion is no religion at all. Similarly a human being without the faculty of compassion is no human at all.



8179120260

# മൈത്രിസന്ദേശം

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)


വിവർത്തകൻ:
എൻ. ഹാമിദ്



പ്രസാധകർ:
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്
ഫോർട്ട് റോഡ്, കണ്ണൂർ- 670 001

MAITHRI SANDESHAM
(Malayalam Translation of Paigam-e-sulh - original urdu)

Author:
Hadhrat Mirza Ghulam Ahmad Qadiani (A)
(The Promised Messiah & Mahdi)

Translator:
N.Hamid

Published by : ISLAM INTERNATIONAL PUBLICATIONS - KERALA
FORT ROAD, KANNUR - 670 001

Layout & Typeset: C.Zameem

Printed at : A-One Offset Printers,Calicut

1 st Edition 1964 August
2 nd Edition 1984 January
3 rd Edition 2002 December
4 th Edition 2008 June
5 th Edition 2012 July
6 th Edition 2017 April

Copies: 2000

Price Rs: 40/-



Promised Mahdi Maseeh

ഗ്രന്ഥകർത്താവ്

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم

**അ**ല്ലയോ, സർവ്വശക്തനായ ദൈവമേ! പ്രിയ മാർഗ്ഗ ദർശകാ! സത്യസന്ധരും നിഷ്കളങ്കരുമായ ഭക്തജനം നിന്നെ പ്രാപിക്കുന്ന ആ മാർഗ്ഗത്തിൽ നീ ഞങ്ങളെ നടത്തുകയും, കാമ ക്രോധലോഭമോഹമാത്സര്യാദി രാഗങ്ങളുടെ സംതൃപ്തി തേടുന്ന വഴികളിൽനിന്നെല്ലാം ഞങ്ങളെ രക്ഷിക്കയും ചെയ്യേ ണമേ!

പ്രിയ സുഹൃത്തുക്കളേ! ഹിന്ദുക്കളോ മുസ്ലിംകളോ ആയ നാമെല്ലാവരും നൂറ്റുക്കണക്കായ വിശ്വാസാഭിപ്രായവൈപരീ ത്യങ്ങളോടു കൂടിയവരാണെങ്കിലും, ഈ പ്രപഞ്ചസകലത്തി ന്റെയും സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തിൽ വിശ്വസി ക്കുന്ന വിഷയത്തിൽ ഒന്നാകുന്നുവല്ലോ. അപ്രകാരംതന്നെ നാമെല്ലാം മനുഷ്യരെന്ന നിലയിൽ പൊതുതാല്പര്യത്തോടു കൂടിയവരുമാകുന്നു. അതെ, മനുഷ്യരെന്ന പേരിൽ നമ്മളെല്ലാ വരും പരസ്പരം ബന്ധിതരായിരിക്കുന്നു. അതുമല്ല, നാം ഒരേ രാജ്യത്തിൽ നിവസിക്കുന്നവരാകയാൽ അന്യോന്യം അയൽക്കാരെന്ന നിലയിലും ബന്ധപ്പെട്ടവരാകുന്നു. അതി നാൽ നമ്മൾ ആത്മാർത്ഥതയോടും നിഷ്ക്കപടതയോടും കൂടി പരസ്പരം മിത്രങ്ങളായി വർത്തിച്ചും മതപരവും ലൗകികവു മായ വൈഷമ്യഘട്ടങ്ങളിലെല്ലാം അന്യോന്യം സഹതാപം പ്രദർശിപ്പിച്ചും ഒരേ ശരീരത്തിലെ അവയവങ്ങളെന്നോണം തമ്മിൽ തമ്മിൽ സഹകരിക്കേണ്ടതു നമ്മുടെ കർത്തവ്യമാ കുന്നു.

പ്രിയ നാട്ടുകാരേ! പൊതുവെ അനുകമ്പാഭാവത്തെ പ്രബോധിക്കാത്ത ഒരു മതം യഥാർത്ഥത്തിൽ മതമല്ല. അതുപോലെത്തന്നെ അനുകമ്പാമനോഭാവത്തെ ഉൾക്കൊള്ളാത്ത ഒരു മനുഷ്യൻ, മനുഷ്യൻ എന്ന പേരിന്നർഹനുമല്ല. ദൈവം തന്റെ അനുഗ്രഹം യാതൊരു ജാതിക്കാർക്കും നല്കാതിരുന്നിട്ടില്ല. ആ സർവ്വൈകദാതാവ് ആര്യാവർത്തത്തിലെ പുരാതനജാതിക്കാർക്ക് ഏതെല്ലാം ശക്തികളും ബോധങ്ങളും നല്കിയോ ആവക ശക്തികളും ബോധങ്ങളുമെല്ലാം അവൻഅറബികൾക്കും പാർസികൾക്കും സിറിയക്കാർക്കും ചൈനാക്കാർക്കും ജപ്പാൻകാർക്കും യൂറോപ്യർക്കും അമേരിക്കക്കാർക്കും നല്കിയിട്ടുണ്ട്. ദൈവത്തിന്റെ ഭൂമി ഒരു വിരിപ്പെന്നപോലെ ഇവരെല്ലാവർക്കും ഉപകരിക്കുന്നു. ആ സർവൈകനാഥന്റെ സൃഷ്ടികളായ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ദീപങ്ങൾ കണക്കെ അവർക്ക് വെളിച്ചം നല്കുകയും അതോടൊപ്പം അവയ്ക്ക് ദൈവം നിശ്ചയിച്ചിട്ടുള്ള മറ്റു കർമ്മങ്ങൾ അവ നിർവ്വഹിക്കുകയും ചെയ്യുന്നു. വായു, വെള്ളം, തീ, മണ്ണ് എന്നീ ഭൂവസ്തുക്കളിൽനിന്ന് എല്ലാ ജാതികളും ഫലം അനുഭവിക്കുന്നു. അതുപോലെതന്നെ ധാന്യങ്ങൾ ഫലമൂലാദികൾ തുടങ്ങിയ ഭൂമിയിലെ ഉല്പന്നങ്ങളെയും എല്ലാവരും തങ്ങളുടെ ഗുണത്തിന്നായി ഉപയോഗപ്പെടുത്തുന്നു. ദൈവത്തിന്റെ സർവ്വ വ്യാപകമായ ഈ പരിപാലന സമ്പ്രദായങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നത്, നാമും മനുഷ്യർക്കു പൊതുവെ നന്മ ചെയ്യുകയും കുടുസ്സായ മനോഭാവം കാണിക്കാതെ നമ്മുടെ അനുകമ്പയെ വിസ്തൃതമാക്കുകയും വേണമെന്നാണ്.

സുഹൃത്തക്കളേ! നമ്മളിൽ ഏതെങ്കിലും ഒരു സമുദായക്കാർ ദൈവത്തിന്റെ ഈ സമ്പ്രദായങ്ങളെ ആദരിക്കാതെയും അവന്റെ പാവനങ്ങളായ ഗുണങ്ങൾക്കൊത്തു തങ്ങളുടെ നടപടികളെ ക്രമപ്പെടുത്താതെയും ഇരിക്കുന്നുവെങ്കിൽ, ആയവർ താമസിയാതെ നാശമടയും. അവരുടെ ഈ അതിക്രമത്തിന്റെ ദോഷഫലങ്ങൾ അവരുടെമേൽ മാത്രമല്ല അവരുടെ ഭാവിതലമുറകളുടെമേലും വന്നുഭവിക്കുന്നതാണ്. ദൈവത്തിന്റെ ഗുണവിശേഷങ്ങളെ തന്നിൽ പ്രതിഫലിപ്പിക്കുന്നതുമൂലമാണ് മനുഷ്യൻ

നാശത്തെ അതിജീവിക്കുന്നത്. സർവ്വസമാധാനത്തിന്റെയും ഉറവിടങ്ങളായ ദൈവഗുണങ്ങളനുസരിച്ച് ജീവിതചര്യകളെ ക്രമപ്പെടുത്തുന്നതിലാണ് മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ജീവിതം ആശ്രയിച്ചു നില്ക്കുന്നതും. ഈ പരമാർത്ഥത്തെ ലോകാരംഭം മുതൽ എല്ലാ രാജ്യങ്ങളിലെയും സത്യസന്ധരായ ദൈവദാസർ സാക്ഷീകരിച്ചു വന്നിരിക്കുന്നു.

**ദൈവകൃപ സർവ്വവ്യാപകം**

ഈ വിശാലമായ തത്ത്വത്തെ പ്രബോധിക്കുന്ന ഒരു വാക്യം കൊണ്ടാണ് ദൈവം വിശുദ്ധഖുർആനിലെ 'ഫാത്തിഹാ' എന്ന പ്രഥമാദ്ധ്യായം ആരംഭിച്ചിരിക്കുന്നത്. നോക്കുക:

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝٢

"സർവ്വ സ്തോത്രവും അഖിലലോകങ്ങളുടെയും സ്രഷ്ടാവും രക്ഷിതാവുമായ അല്ലാഹുവിന്നത്രെ"

ഇവിടെ 'ലോകങ്ങൾ' എന്ന വാക്കിൽ എല്ലാ ജനവിഭാഗങ്ങളും വ്യത്യസ്തകാലത്തുള്ളവരും വിവിധ രാജ്യക്കാരും ഉൾപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹങ്ങളും ആശിസ്സുകളും തങ്ങൾക്ക് മാത്രമെ ലഭിച്ചിട്ടുള്ളുവെന്നു അവകാശപ്പെടുകയും ഇതരജാതികൾ മനുഷ്യവർഗ്ഗത്തിൽപ്പെട്ടവരല്ലെന്നോ ദൈവം അവരെ സൃഷ്ടിച്ചതിനുശേഷം അവൻ അവരെ മറന്നുകളഞ്ഞുവെന്നോ അവർ അവന്റെ സൃഷ്ടികളേ അല്ലെന്നോ വിചാരിക്കുമാറുള്ള തരത്തിൽ അവർക്ക് ദൈവികാനുഗ്രഹങ്ങളിൽ യാതൊരു പങ്കുമില്ലെന്നു വിശ്വസിക്കുകയും ചെയ്തുകൊണ്ട് ദൈവത്തിന്റെ സർവ്വവ്യാപകമായ കൃപാപരിപാലനത്തെ അതിരിട്ടു കുടുസ്സാക്കുന്ന സകല ജാതിക്കാർക്കും പ്രസ്തുത ഖുർആൻവാക്യം ഒരു ഖണ്ഡനമാകുന്നു. യഹൂദരും ക്രിസ്ത്യാനികളും ഇപ്പോഴും വിശ്വസിക്കുന്നതു ദൈവത്തിങ്കൽ നിന്നു വന്നിട്ടുള്ള പ്രവാചകന്മാരും ഉപദേഷ്ടാക്കളുമെല്ലാം യഹൂദഗോത്രത്തിൽനിന്നുള്ളവരായിരുന്നുവെന്നാണ്. ഇതരജാതികൾ അപഥത്തിലും അജ്ഞാനാന്ധതയിലും വ്യാപരിക്കുന്ന

തായി കണ്ടിട്ടും ദൈവം അവരെ കൂട്ടാക്കുകയോ അവരുടെ നേരെ കനിയുകയോ ചെയ്യാതിരിക്കുമാറുള്ള തരത്തിൽ അവന് അവരുടെ നേരെ വെറുപ്പാണത്രെ. താൻ ഇസ്റായീൽഗൃഹത്തിലെ കാണാതെപോയ ആടുകളുടെ അടുക്കൽ മാത്രമാണ് വന്നിരിക്കുന്നതെന്നു യേശുതന്നെ പറഞ്ഞതായി സുവിശേഷം ഘോഷിക്കുന്നുവല്ലോ. എന്നാൽ, അദ്ദേഹം ക്രിസ്ത്യാനികൾ പറയുംപോലെ ദൈവംതന്നെയെങ്കിൽ, ദൈവം സങ്കുചിതമനോഭാവത്തോടുകൂടിയ ആ വാക്ക് പറഞ്ഞുവെന്നതും ആശ്ചര്യാവഹമല്ലേ? ഇതരജാതികളെ നന്നാക്കുകയോ അവർക്കു നേർവഴി കാണിക്കുകയോ ചെയ്യുന്ന വിഷയത്തിൽ ഔദാസീന്യം പ്രദർശിപ്പിച്ചുകൊണ്ടു ക്രിസ്തു അപ്രകാരം പ്രസ്താവിച്ചത് അദ്ദേഹം മറ്റു ജാതികൾക്കൊന്നും ദൈവമായിരിക്കാതെ ഇസ്റായീൽക്കാർക്കു മാത്രം ദൈവമായതുകൊണ്ടായിരുന്നിരിക്കുമോ?

ചുരുക്കത്തിൽ, യഹൂദരും ക്രിസ്ത്യരും വിശ്വസിക്കുന്നത്, സകല പ്രവാചകന്മാരും ദൈവദൂതന്മാരും തങ്ങളുടെ ഗോത്രത്തിൽ- എബ്രായവർഗ്ഗത്തിൽ-നിന്നു വന്നവരായിരുന്നുവെന്നും തങ്ങളിൽ മാത്രമേ ദിവ്യഗ്രന്ഥങ്ങൾ വെളിപ്പെടുകയുണ്ടായിട്ടുള്ളുവെന്നുമത്രേ. ദൈവത്തിന്റെ വെളിപാടും ബോധനവും യേശുവിന്റെ ആവിർഭാവത്തോടുകൂടി നിലച്ചുപോയെന്നും അതിന്നുശേഷം ആർക്കും ദിവ്യാനുഭൂതി ലഭ്യമല്ലെന്നും കൂടി ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ഇതേപോലുള്ള വിശ്വാസങ്ങൾ തന്നെയാണ് ആര്യസമാജക്കാരും കൈക്കൊണ്ടിരിക്കുന്നത്. പ്രവാചകത്വവും ദൈവബോധനവും ഇസ്റായീൽ ഗോത്രത്തിനു പ്രത്യേകമായിട്ടുള്ളതാണെന്നു യഹൂദരും ക്രിസ്ത്യരും അവകാശപ്പെടുകയും മറ്റു ജാതികളൊന്നിനും ഈശ്വരജ്ഞാനലബ്ധിക്കു അർഹതയില്ലെന്നു അവർ വിശ്വസിക്കുകയും ചെയ്യുന്നപ്രകാരംതന്നെ ആര്യാവർത്തത്തിന്റെ അതിർത്തിക്കുള്ളിൽ അല്ലാതെ പുറമെയെങ്ങും ഈശ്വരജ്ഞാനവും ദൈവബോധനവും വെളിപ്പെടുകയുണ്ടായിട്ടില്ലെന്നു ആര്യസമാജക്കാരും വിശ്വസിക്കുന്നു. ഇവരുടെ അഭി

പ്രായം ഈ രാജ്യത്തിൽനിന്നുതന്നെയാണ് നാലു ഋഷിമാർ വീണ്ടും വീണ്ടും നിയോഗിതരാകുന്നതെന്നാകുന്നു. അതുപോലെതന്നെ അവരുടെ 'വേദം' മാത്രമാണുപോൽ പിന്നെയും പിന്നെയും വെളിപ്പെടുമാറാകുന്നത്. ദൈവം തന്റെ അഭീഷ്ടം അറിയിച്ചുകൊടുക്കുന്നതിനു എപ്പോഴും ഉപയോഗപ്പെടുത്തി വന്ന ഭാഷ വൈദികസംസ്കൃതവും ആണത്രേ!

ഇങ്ങനെ ഒരുഭാഗത്തു യഹൂദരും ക്രിസ്ത്യാനികളും, മറുഭാഗത്ത് ആര്യസമാജക്കാരും വിശ്വസിക്കുന്നതു ദൈവം സർവ്വലോകരക്ഷിതാവും സർവ്വൈകപാലകനും അല്ലെന്നാകുന്നു. അവർ വിശ്വസിക്കുന്നതു അപ്രകാരമല്ലെങ്കിൽ പിന്നെ, ഇസ്റായീൽക്കാരുടെയോ ആര്യന്മാരുടെയോ മാത്രം രക്ഷിതാവായിരിക്കാതെ സർവ്വലോകങ്ങളുടെയും രക്ഷിതാവും പാലകനുമായിരിക്കുന്ന ദൈവം, പക്ഷപാതം തോന്നിക്കുന്ന തരത്തിൽ ഒരു പ്രത്യേക ജാതിക്കാരുടെ കാര്യത്തിൽ മാത്രം ശ്രദ്ധിച്ചുപോന്നുവെന്നതു തീരെ അസംഗതമാകുന്നു. ഇത്തരം അബദ്ധസിദ്ധാന്തങ്ങളെ നിരാകരിക്കുന്നതിനായിട്ടത്രെ, "സർവ്വസ്തോത്രവും അഖിലലോകങ്ങളുടെയും രക്ഷിതാവും പാലകനുമായ അല്ലാഹുവിന്നാകുന്നു" എന്ന വചനംകൊണ്ട് വിശുദ്ധഖുർആൻ ആരംഭിച്ചിരിക്കുന്നത്.

## ഓരോ സമുദായത്തിലും പ്രവാചകൻ

ഏതെങ്കിലും ഒരു പ്രത്യേക ജാതിക്കാരിലോ രാജ്യക്കാരിലോ മാത്രമെ പ്രവാചകന്മാർ അവതരിക്കയുണ്ടായിട്ടുള്ളൂ എന്ന വിശ്വാസം അബദ്ധമാണെന്നു ദൈവം വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിലായി പറഞ്ഞുതന്നിരിക്കുന്നു. അവൻ ആത്മീയാനുഗ്രഹം നല്കുന്ന വിഷയത്തിൽ യാതൊരു ജാതിക്കാരേയും വിസ്മരിച്ചുകളഞ്ഞിട്ടില്ല. ഈ പരമാർത്ഥം വിശുദ്ധഖുർആനിൽ പല സ്ഥലങ്ങളിൽ സന്ദർഭോചിതങ്ങളായ ഉദാഹരണങ്ങളാൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. സർവ്വൈകദാതാവായ ദൈവം എല്ലാ രാജ്യക്കാർക്കും അവരുടെ ഭൗതികാവശ്യങ്ങൾക്കു വേണ്ട സർവ്വവും സംഭരിച്ചുകൊടുത്തിരിക്കുന്ന പ്രകാരംതന്നെ, എല്ലാ രാജ്യക്കാരുടെയും എല്ലാ ജാതിക്കാരുടെയും ആത്മപരിചരണ

ത്തിനു ആവശ്യകമായ ഏർപ്പാടുകളും അവൻ ചെയ്തുപോന്നിട്ടുണ്ട്. ഈ വിഷയകമായി വിശുദ്ധഖുർആൻ ഒരിടത്തു ഇങ്ങനെ പറയുന്നു:

وَإِنْ مِّنْ أُمَّةٍ إِلَّا خَلَا فِيهَا نَذِيرٌ ﴿٢٥﴾

"ഒരു ഉപദേഷ്ടാവ് വന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവും ഇല്ല" (35:25).

അതിനാൽ, നാമെല്ലാവരും അവശ്യം വിശ്വസിക്കേണ്ടുന്ന സകലസമ്പൂർണ്ണനും സത്യസ്വരൂപനുമായ ദൈവം സർവ്വലോകങ്ങളുടെയും സ്രഷ്ടാവും പാലകനുമാണെന്നത് അവിതർക്കിതമാണ്. അവന്റെ കൃപാപരിപാലനം ഏതെങ്കിലും പ്രത്യേക ജാതിക്കോ പ്രത്യേക കാലത്തേക്കോ പ്രത്യേക രാജ്യത്തേക്കോ പരിമിതമായതല്ല. അവൻ എല്ലാ ജാതിക്കാരുടെയും എല്ലാ കാലത്തുള്ളവരുടെയും എല്ലാ രാജ്യക്കാരുടെയും രക്ഷിതാവും പാലകനുമാകുന്നു. സകല അനുഗ്രഹങ്ങളുടെയും നിലയനവും, ഭൗതികവും ആത്മികവുമായ സർവ്വശക്തികളുടെയും ഉത്ഭവസ്ഥാനവും അവനത്രെ. അവൻ തന്നെയാണ് അഖിലസൃഷ്ടികളെയും നോക്കി രക്ഷിക്കുന്നത്. എല്ലാ വസ്തുക്കളും അവങ്കൽതന്നെയാണ് ആശ്രയിച്ചുനില്ക്കുന്നതും. അവന്റെ അനുഗ്രഹം അഖിലവർഗ്ഗങ്ങളുടെയും സകലരാജ്യങ്ങളുടെയും സർവ്വയുഗങ്ങളുടെയുംമേൽ നിഴലിക്കുന്നതാകുന്നു. ആ സകലേശ്വരന്റെ അനുഗ്രഹം ഇങ്ങനെ സർവ്വവ്യാപകമായിരിക്കുന്നതു അവന്റെ കൃപാപരിപാലനത്തെസ്സംബന്ധിച്ചു ഒരു കൂട്ടർക്കും ആവലാതിപ്പെടാൻ അവസരമില്ലാതിരിക്കുന്നതിനുവേണ്ടിത്തന്നെയാകുന്നു. ദൈവം അവന്റെ അനുഗ്രഹം മറ്റുള്ളവർക്കല്ലാതെ തങ്ങൾക്കു നല്കിയില്ലെന്നോ, ദൈവത്തിങ്കൽനിന്നു മാർഗ്ഗദർശക ഗ്രന്ഥങ്ങൾ ഇതരന്മാർക്കല്ലാതെ തങ്ങൾക്ക് ലഭിച്ചില്ലെന്നോ, ദൈവം തന്റെ വചനവും വെളിപാടും ദൃഷ്ടാന്തവും മുഖേന കഴിഞ്ഞ ചില കാലങ്ങളിലല്ലാതെ തങ്ങളുടെ കാലത്ത് പ്രത്യക്ഷനായില്ലെന്നോ ഒരു കൂട്ടർക്കും പറയാൻ ഇടം കൊടുത്തില്ല. അങ്ങനെ, ആ സർവ്വ

വല്ലഭൻ തന്റെ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങളിൽനിന്നു ഏതെങ്കിലും ഒരു സമുദായത്തെയോ ഒരു കാലത്തെയോ ഒഴിവാക്കാതെ തന്റെ കൃപാവിതരണം സർവ്വവ്യാപവും നിത്യവുമാക്കിയിരിക്കുന്നു.

ഇങ്ങനെ, ദൈവത്തിന്റെ അനുഗ്രഹം നിസ്സീമവും സർവ്വവ്യാപകവും ആയിരിക്കുമ്പോൾ, അവന്റെ ദിവ്യഗുണങ്ങളെ നാം നമ്മുടെ ജീവിതത്തിൽ പകർക്കുകയും അതുകൾക്കൊത്ത് നമ്മുടെ സ്വഭാവങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാകുന്നു. അല്ലയോ, നാട്ടുകാരായ സഹോദരരേ! ഈ വിശാല നിലയിലുള്ള മനസംസ്കാരത്തിലേക്കു നിങ്ങളെ ക്ഷണിക്കുന്നതിനായിട്ടാണ്, 'മൈത്രിസന്ദേശം' എന്നു ഞാൻ നാമാഭിധാനം ചെയ്തിരിക്കുന്ന ഈ അഭ്യർത്ഥനയെ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നത്. സ്നേഹപൂർവ്വകമായ ഈ ക്ഷണത്തിന്റെ പിന്നിൽ എനിക്ക് സ്വാർത്ഥപരമായ വല്ല ഉദ്ദേശ്യവും ഉള്ളതായി നിങ്ങൾ വിചാരിക്കാതിരിക്കുന്നതിനു സർവ്വശക്തനായ ദൈവം തന്നെ നിങ്ങളുടെ ഹൃദയങ്ങളിൽ സത്യം വെളിപ്പെടുമാറാക്കുകയും നിങ്ങളുടെ ക്ഷേമാഭിവൃദ്ധിക്കായ്ക്കൊണ്ടു എന്റെ ഹൃദയത്തിൽ കുടികൊള്ളുന്ന ആ ആഗ്രഹത്തിന്റെ രഹസ്യവും എന്റെ ആത്മാർത്ഥതയും അവൻതന്നെ നിങ്ങൾക്ക് ബോധ്യപ്പെടുത്തിത്തരികയും ചെയ്യട്ടെ എന്ന് ഞാൻ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുകൊള്ളുന്നു.

പ്രിയ സുഹൃത്തുക്കളേ! പരലോകകാര്യം മിക്ക ജനങ്ങൾക്കും ഗോപ്യമായിരിക്കുന്ന ഒരു വിഷയമാണ്. അതിന്റെ രഹസ്യം, സർവ്വോപരി മഹത്ത്വമേറിയ ആ സത്തയ്ക്കുവേണ്ടി ആത്മാർപ്പണം ചെയ്യുകയും മരണം വരുന്നതിന്നു മുമ്പേ മരണത്തെ വരിക്കുകയും ചെയ്യുന്നവർക്കു മാത്രമാകുന്നു വെളിപ്പെടുമാറാകുന്നതു. എന്നാൽ, ഐഹിക ജീവിതത്തെസ്സംബന്ധിച്ചു ഗുണമോ ദോഷമോ ആയ കാര്യങ്ങൾ സൂക്ഷ്മദൃക്കുകൾക്കു കണ്ടറിയാൻ സാധിക്കുന്നതാണ്.

### ഹിന്ദുക്കളും മുസ്‌ലിംകളും

ഐക്യം അഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു.

മറ്റു യാതൊരു മാർഗ്ഗേണയും ദൂരീകരിക്കാൻ സാദ്ധ്യമല്ലാത്ത വിപത്തുകളെയും മറ്റേതുപായം മൂലവും പരിഹരിക്കാൻ കഴിയാത്ത വിഷമതകളെയും ഐക്യം മുഖേന ജയിക്കുവാൻ സാധിക്കുമെന്നുള്ളതു ആർക്കും ഗോപ്യമായതല്ല. അതുകൊണ്ട്, ഐക്യത്തിന്റെ അനുഗൃഹീതഫലങ്ങളിൽനിന്നു നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കയില്ല. **ഈ രാഷ്ട്രത്തിലെ അവിഭാജ്യഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്‌ലിംകളും. ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചുകൂടി മറ്റവരെ– ഹിന്ദുക്കൾ ഒന്നുചേർന്നു മുസ്‌ലിംകളെയോ മുസ്‌ലിംകൾ ഒന്നുചേർന്ന് ഹിന്ദുക്കളെയോ– രാജ്യത്തിൽനിന്നു പുറത്താക്കിക്കളയാമെന്നു വിചാരിക്കുന്നതു ഒരു മിഥ്യാവിചാരമാകുന്നു. മറിച്ചു, ഈ രണ്ടു കൂട്ടരെയും തമ്മിൽ ഇണക്കി നിറുത്തുന്ന ബന്ധം അപരിഛേദ്യമാംവിധം ശക്തിയേറിയതാണുതാനും.** ഇവരിൽ ഒരുകൂട്ടർക്കു പൊതുനിലയിലുള്ള ഒരു ആപത്തു സംഭവിക്കുന്നപക്ഷം മറ്റവർക്കു അതിന്റെ ബാധയേല്ക്കാതെ അകന്നിരിക്കാൻ സാധിക്കയില്ല; അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ അവരും പങ്ക് അനുഭവിക്കേണ്ടിവരും. ഒരു കൂട്ടർ അഹംഭാവപൂർവ്വം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേവിധത്തിൽ നിന്ദനത്തിനു ലക്ഷീഭവിക്കും. ഒരുകൂട്ടർ മറ്റവരുടെനേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഇരു സമുദായങ്ങളിൽ ഏതെങ്കിലുമൊന്നിലെ ഒരു വ്യക്തി മറ്റെ സമുദായത്തിനു നാശം വരുത്തുവാൻ നോക്കുന്നപക്ഷം, അവൻ താനിരിക്കുന്ന വൃക്ഷശാഖ കൈകൊണ്ടു വെട്ടിമുറിക്കുന്ന ഒരുവനെപ്പോലെയാകുന്നു. മിത്രങ്ങളേ! ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പന്നരാണല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയങ്ങളിൽനിന്നു അകറ്റിക്കളകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു. നിങ്ങൾ നിർദ്ദാക്ഷിണ്യമായ നില ഉപേക്ഷിച്ചു പൊതുവായ ഒരു അനുകമ്പാഭാവം കൈക്കൊ

ള്ളേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഐഹിക ജീവിതയാത്ര കഠിനമായ വെയിലിൽ മരുഭൂമിയിലൂടെ സഞ്ചരിക്കുന്നതിനു തുല്യമാകുന്നു. അതിനാൽ, ദുർഗ്ഗമമായ വഴിയിലൂടെയുള്ള ഈ യാത്രാമദ്ധ്യെ വെയിലിന്റെ കാഠിന്യത്തെ ലഘൂകരിക്കുന്നതിനും ദാഹശമനം വരുത്തുന്നതിനും മൈത്രിയാകുന്ന ആ ശീതളപാനീയം നിങ്ങൾക്കു അത്യന്താപേക്ഷിതമാകുന്നു.

**ഐക്യത്തിലേക്ക് ക്ഷണം**

നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിന്നായ്ക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്തു പലതരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗ് നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. **ദൈവം എന്നെ അറിയിച്ചിരിക്കുന്നു: മനുഷ്യർ അവരുടെ ദുർവൃത്തികളിൽനിന്നു വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു ദൈവത്തോട് ക്ഷമ യാചിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്തിനു ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്തു ഒഴിഞ്ഞു പോകുന്നതിനു മുമ്പേ മറ്റൊരു ഭയങ്കരനാശം തുടർന്നുണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യർ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി. 'അഹോ! ഇനി എന്തു സംഭവിക്കാൻ പോകുന്നു? എന്നു ചോദിച്ചുതുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപെട്ടവരെപ്പോലെയായി ഭവിക്കും. അതിനാൽ, അല്ലയോ നാട്ടുകാരായ സഹോദരരേ! ആ നാളുകൾ വരുന്നതിനു മുമ്പേ നിങ്ങൾ ജാഗരൂകരാകുവിൻ! ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ. ഐക്യത്തിനു തടസ്സമായിത്തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർദ്ധയ്ക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാകുന്നതാണ്.**

മതപരമായ അഭിപ്രായ വൈപരീത്യങ്ങൾമൂലം വിവിധ സമു

ദായാംഗങ്ങൾക്കിടയിലുള്ള സൗഹാർദ്ദഭാവത്തിനു പ്രതിബന്ധ മായിത്തീരുന്ന ഭിന്നതാബീജങ്ങൾ ദിനേന വളർന്നുകൊണ്ടു പോകുമ്പോൾ പരസ്പരം മൈത്രി എങ്ങനെ സാധ്യമാകും എന്ന ശങ്ക എല്ലാവർക്കും ഉണ്ടായേക്കാം. അതിനു ഞാൻ ഇവിടെ സമാ ധാനം പറഞ്ഞുകൊള്ളട്ടെ. യഥാർത്ഥത്തിൽ, മതപരമായ വൈപ രീത്യം യുക്തിയെയും നീതിബോധത്തെയും അനുഭവജ്ഞാന ത്തെയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിരി ക്കേണ്ടതാകുന്നു. മനുഷ്യൻ വിവേകബുദ്ധിയാൽ വിഭൂഷിത നായിരിക്കുന്നത്, അവൻ യുക്തിക്കും നീതിബോധത്തിനും നിര ക്കാത്തതും അനുഭവജ്ഞാനത്തിനു എതിരായതുമായ യാതൊന്നും കൈക്കൊള്ളാതിരിക്കേണ്ടതിന്നുതന്നെയാണ്. ഈ വസ്തുത ഗ്രഹിക്കുന്നതായാൽ, ലഘുതരമായ അഭിപ്രായഭേദ ങ്ങളൊന്നും മൈത്രിക്ക് തടസ്സമാവുകയില്ലെന്നു ബോധ്യപ്പെടു ന്നതാണ്. പരസ്പര സൗഹാർദ്ദത്തിനും മൈത്രിക്കും പ്രതിബ ന്ധമായിത്തീരുന്നത്, ഒരുകൂട്ടർ മറ്റൊരു കൂട്ടരുടെ ഭക്ത്യാദര ങ്ങൾക്ക് പാത്രമായ പ്രവാചകനെയോ മഹാത്മാവിനെയോ അവ രുടെ പവിത്ര ഗ്രന്ഥത്തെയോ അവഹേളിക്കുന്നതിനും അപല പിക്കുന്നതിനും പ്രേരിതരായിത്തീരുന്ന തരത്തിലുള്ള വിശ്വാ സാഭിപ്രായവൈപരീത്യം മാത്രമാകുന്നു. എന്നാൽ, ഇതുവിഷ യകമായി ഇസ്‌ലാം നല്കുന്ന ഉപദേശങ്ങൾ സമാധാനകാംക്ഷി കൾക്ക് പ്രോത്സാഹകങ്ങളായിരിക്കുന്നവയാണെന്നു സാമോദം പ്രസ്താവിച്ചുകൊള്ളട്ടെ. ഇസ്‌ലാം പഠിപ്പിക്കുന്ന മിക്കവാറും സിദ്ധാന്തങ്ങൾ ദൈവിക മതശാഖകളിൽ ഒന്നിലല്ലെങ്കിൽ മറ്റൊ ന്നിൽ കാണാവുന്നതാണ്. ദൃഷ്ടാന്തമായി, വേദസംഹിതയുടെ വെളിപാടിനുശേഷം ദൈവബോധനത്തിന്റെ മാർഗ്ഗം അടഞ്ഞു പോയിരിക്കുന്നതായി ഹിന്ദുമതത്തിലെ ഒരു നവീനപ്രസ്ഥാന മായ ആര്യസമാജം സിദ്ധാന്തിക്കുന്നുവെങ്കിലും വേദങ്ങളുടെ ആവിർഭാവത്തിനു ശേഷവും ഹിന്ദുമതത്തിൽ വിവിധകാലങ്ങ ളിലായി വന്ന ഈ രാജ്യത്തിലെ കോടാനുകോടി ജനങ്ങളുടെ ഭക്ത്യാദരങ്ങളെ ആർജ്ജിച്ചുപോന്ന അവതാരപുരുഷന്മാർ തങ്ങൾക്കു ദൈവബോധനവും വെളിപാടും നിലച്ചുപോയിരി ക്കുന്നുവെന്ന സിദ്ധാന്തത്തെ നിരാകരിക്കുകയുണ്ടായിട്ടുണ്ട്.

അങ്ങനെയുള്ള അവതാരപുരുഷന്മാരിൽവെച്ചു, ഈ രാജ്യത്തിൽ പൊതുവെയും വംഗദേശത്തു പ്രത്യേകിച്ചും അത്യാദരപൂർവ്വം സ്മരിക്കപ്പെടുന്ന ഒരു മഹാത്മാവ് ശ്രീകൃഷ്ണനാകുന്നു. അദ്ദേഹം തനിക്കു ദൈവഭാഷണം സിദ്ധിച്ചതായി അവകാശപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ മനുഷ്യനായി അവതരിച്ച ദൈവം തന്നെയെന്നു വിശ്വസിച്ചിരുന്നുവെങ്കിലും, അദ്ദേഹം തന്റെ കാലത്തെ ഒരു പ്രവാചകനും ദൈവത്തിന്റെ വചനാമൃതംകൊണ്ടു അനുഗൃഹീതനായ ഒരു അവതാരപുരുഷനും ആയിരുന്നുവെന്നത് അവിതർക്കിതമാണ്.

**ഹദ്റത്ത് ബാബാനാനക്(റ)**

ഇതേപ്രകാരം, ഈ അന്ത്യകാലത്ത് ഹിന്ദുസമുദായത്തിൽ നിന്നു ആവിർഭവിച്ച ഒരാളായിരുന്നു ബാബാനാനക്. ഒരു പുണ്യാത്മാവെന്ന നിലിയൽ അദ്ദേഹത്തിനു പൊതുവെയുള്ള ആദരണീയത ഈ രാജ്യത്തിലാകെ പ്രസിദ്ധമാണ്. സിക്കുകാർ എന്ന പേരിൽ അറിയപ്പെടുന്ന അദ്ദേഹത്തിന്റെ അനുയായികൾ ഈ രാജ്യത്തിൽ 20 ലക്ഷത്തിൽ ഒട്ടും കുറയുകയില്ല* ബാബാനാനക് തനിക്കു ദൈവബോധനവും ദിവ്യാനുഭൂതിയും ഉണ്ടായിട്ടുള്ളതായി 'ഗ്രന്ഥ് സാഹിബി'ലും 'ജനം സാഖി'യിലും അവകാശപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ 'ജനം സാഖി'യിലൊരിടത്ത് ഇസ്‌ലാം സത്യമാണെന്നു തനിക്ക് ദൈവത്തിൽനിന്നു വെളിപാടുണ്ടായിരിക്കുന്നതായും പറഞ്ഞിട്ടുണ്ട്. ഇതനുസരിച്ചുതന്നെയാണ് അദ്ദേഹം മക്കയിലേക്കു തീർത്ഥയാത്രപോവുകയും ഇസ്‌ലാമിന്റെ എല്ലാ വിശ്വാസപ്രമാണങ്ങളെയും സ്വീകരിക്കുകയും ചെയ്തത്. അദ്ദേഹത്തിന്റെ കൈയാൽ അത്ഭുതങ്ങളും ദൃഷ്ടാന്തങ്ങളും വെളിപ്പെട്ടിട്ടുണ്ടെന്നതു സംശയരഹിതമായി തെളിഞ്ഞിട്ടുള്ള വസ്തുതയാണ്. ബാബാസാഹിബ് ദൈവത്തിന്റെ ഒരു ഭക്തദാസനും ഭക്തവത്സലനായ ദൈവം തന്റെ പ്രേമപീയൂഷംകൊണ്ടു അനുഗ്രഹിക്കാറുള്ള അവന്റെ വൃതന്മാരിൽ ഒരാളും ആയിരുന്നു. ഇസ്‌ലാം ദൈവികമായ ഒരു മതമാണെന്നു സാക്ഷീകരിക്കുന്നതിനായി

* ഇത് 1908-ലെ കണക്കാണ്

ട്ടാണ് അദ്ദേഹം ഹിന്ദുക്കളിൽ ജാതനായത്. 'ഡേരാ ബാബാ നാനക്ക്' എന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ സ്മാരകമായി സ്ഥിതി ചെയ്യുന്ന പവിത്രാവശിഷ്ടങ്ങൾ "അല്ലാഹു അല്ലാതെ ആരാധ നക്കർഹനായി മാറ്റാരുമില്ല; മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണ്" എന്ന ഇസ്‌ലാമിന്റെ മൗലികതത്ത്വത്തിൽ അദ്ദേഹം വിശ്വസി ച്ചിരുന്നതായി സാക്ഷീകരിക്കുന്നു. തന്നെയുമല്ല, ഫിറോസ്പൂർ ജില്ലയിൽ 'ഗുരുഹർ സഹായ്' എന്ന സ്ഥലത്തുള്ള അദ്ദേഹ ത്തിന്റെ സ്മാരകസാധനങ്ങളിൽ ഒന്നു വിശുദ്ധഖുർആന്റെ ഒരു പ്രതിയാണെന്നുള്ളതും പ്രസ്തുത സംഗതിയിലേക്കു ഒരു സാക്ഷ്യമാണ്. ഇതുകളെക്കുറിച്ചു നിരീക്ഷണം ചെയ്യുന്നതാക യാൽ, ബാഹ്യവർത്തികളായ പണ്ഡിതന്മാർക്കു ഗോപ്യമായി രുന്ന ആ മർമ്മജ്ഞാനം ബാബാനാനക്ക് തന്റെ മനഃസംസ്കാ രവും പാവനശീലവും തീവ്രമായ ആദ്ധ്യാത്മസാധനയും മൂലം കരഗതമാക്കിയിരുന്നുവെന്ന വസ്തുതയെ ആരാണ് നിഷേധി ക്കുക? അദ്ദേഹം തനിക്ക് ദൈവബോധനം ലഭിച്ചതായി അവ കാശപ്പെടുകയും ദിവ്യദൃഷ്ടാന്തങ്ങളും അത്ഭുതങ്ങളും കാണി ക്കുകയും ചെയ്തുകൊണ്ട് 'വേദ'ത്തിനു ശേഷം ദൈവബോധ നമോ ദിവ്യദൃഷ്ടാന്തമോ വെളിപ്പെടുകയില്ലെന്ന സിദ്ധാന്തത്തെ പാടെ ഖണ്ഡിച്ചിരിക്കുകയാണ്. ഇങ്ങനെ ബാബാ സാഹിബ് ഹിന്ദുക്കൾക്ക് ദൈവത്തിൽനിന്നുള്ള ഒരനുഗ്രഹമായിരുന്നു. ഹിന്ദുക്കളുടെ ഹൃദയത്തിൽ ഇസ്‌ലാമിന്റെ നേരെയുള്ള വെറുപ്പും വിരോധവും ഇല്ലായ്മ ചെയ്യുന്നതിന്നു പരിശ്രമിച്ചു പോന്ന അദ്ദേഹം അവരുടെ ഒരു അന്തിമാവതാരമായിരുന്നു എന്നു പറയാം. എന്നാൽ, ഈ രാജ്യത്തിന്റെ ദൂരദൃഷ്ടം നിമിത്തം ഹിന്ദുക്കൾ അദ്ദേഹത്തിന്റെ ഉപദേശത്തെ പ്രയോജനപ്പെടുത്തു കയുണ്ടായില്ല. മറിച്ചു, താൻ ചെന്നിടത്തെല്ലാം ഇസ്‌ലാമിന്റെ മഹാത്മ്യ കീർത്തനം ചെയ്തുപോന്നതിനാൽ അദ്ദേഹത്തെ ഹിന്ദുപണ്ഡിതന്മാർ ദ്രോഹിച്ചുകൊണ്ടിരിക്കയാണ് ചെയ്തത്. അദ്ദേഹം ഹിന്ദുമതത്തിന്നും ഇസ്‌ലാംമതത്തിന്നുമിടയിൽ സമാ ധാനസന്ധിക്കായി വന്നു. എന്നാൽ, ഹാ വ്യസനമെന്നു പറ യട്ടെ അദ്ദേഹത്തിന്റെ ഉപദേശത്തെ ജനങ്ങൾ കൂട്ടാക്കിയില്ല. ഈ രാജ്യക്കാർ അദ്ദേഹത്തെ ആദരിക്കുകയും അദ്ദേഹത്തിന്റെ

ഉദ്ബോധനങ്ങളെ ചെവിക്കൊൾകയും ചെയ്തിരുന്നുവെങ്കിൽ ഹിന്ദുക്കളും മുസ്ലിംകളും ഇപ്പോഴേക്ക് ഒന്നായിരുന്നേനെ! ഇങ്ങനെയുള്ള ഒരു മഹാത്മാവ് ലോകത്തുവന്നു അങ്ങനെ കഴിഞ്ഞുപോയി. എന്നാൽ, അജ്ഞാനാന്ധമായ ലോകം അദ്ദേഹത്തിൽനിന്നു വെളിച്ചം സ്വീകരിച്ചില്ല! അതോർക്കുമ്പോൾ എന്തെന്നില്ലാത്ത മനോവ്യഥയുണ്ടാകുന്നു. ഏതായാലും ദൈവത്തിന്റെ ബോധനവും വെളിപാടും ഒരിക്കലും നിലച്ചുപോകുന്നതല്ലെന്നും അവന്റെ വരിഷ്ഠദാസർ മുഖേന ദിവ്യദൃഷ്ടാന്തങ്ങൾ എല്ലാ കാലത്തും വെളിപ്പെട്ടുകൊണ്ടേയിരിക്കുന്നുവെന്നും ആ പുണ്യാത്മാവ് തെളിയിക്കുകതന്നെ ചെയ്തു. എന്നുമാത്രമല്ല, ഇസ്ലാമിന്റെ നേർക്ക് വിദ്വേഷം ഭാവിക്കുകയെന്നാൽ ദൈവത്തിൽനിന്നുള്ള പ്രഭാദീപ്തിയെ എതിർക്കുന്നതിനു തുല്യമാകുന്നു എന്നും അദ്ദേഹം സ്പഷ്ടമാക്കുകയുണ്ടായി.

**ഞാൻ അനുഭവസ്ഥൻ**

ഇതേപ്രകാരം ഞാനും ഈ വിഷയത്തിൽ ഒരു അനുഭവസ്ഥനാകയാൽ ദൈവബോധനവും ദിവ്യാനുഭൂതിയും ഒരിക്കലും നിലച്ചുപോയിട്ടില്ലെന്നതിലേക്ക് ഞാനിതാ സാക്ഷ്യം വഹിച്ചുകൊള്ളുന്നു! ദൈവം പണ്ടുകാലങ്ങളിൽ സംസാരിച്ചുകൊണ്ടിരുന്നതുപോലെതന്നെ അവൻ ഇപ്പോഴും സംസാരിക്കുന്നു. പൂർവ്വകാലങ്ങളിൽ അവൻ കേട്ടുകൊണ്ടിരുന്നപ്രകാരം തന്നെ ഇപ്പോഴും അവൻ കേൾക്കുന്നു. അല്ലാതെ അവന്റെ ദിവ്യഗുണങ്ങൾ നിലച്ചുപോകുന്നതുമല്ല. ഉദ്ദേശം 30 കൊല്ലമായിട്ടു ഞാൻ ദൈവത്തിന്റെ ഭാഷണാമൃതംകൊണ്ടു അനുഗൃഹീതനായിരിക്കുന്നു. ആ സർവ്വശക്തൻ നൂറുകണക്കായ ദൃഷ്ടാന്തങ്ങൾ എന്റെ കൈയാൽ വെളിപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ആ ദിവ്യ അടയാളങ്ങൾ ജനങ്ങൾ കാണുമാറാകുകയും അവയെ സംബന്ധിച്ച വിവരങ്ങൾ പുസ്തകരൂപത്തിലും പത്രങ്ങളിലും പ്രസിദ്ധമാക്കുകയും ചെയ്തിട്ടുണ്ട്. അത്തരം അടയാളങ്ങളിലൊന്നെങ്കിലും കാണാൻ സംഗതിയായിട്ടില്ലാത്ത ഒരു ജനവിഭാഗവും ഇല്ലെന്നുതന്നെ പറയാം.

മേൽപ്രകാരമുള്ള നിരവധി സാക്ഷ്യങ്ങളുണ്ടായിരിക്കെ,

വേദങ്ങൾ പഠിപ്പിക്കുന്നതായി ആര്യസമാജം പ്രബോധിക്കുന്ന പ്രസ്തുത സിദ്ധാന്തം സ്വീകാര്യമാകുന്നതെങ്ങനെ? അവർ പറയുന്നതു വേദസംഹിതയുടെ വെളിപാടോടുകൂടി ദൈവത്തിന്റെ ബോധനവും ആശീർവചനവും നിലച്ചുപോയെന്നും തദനന്തരം മനുഷ്യവർഗ്ഗം ആ പൗരാണിക കഥകളിൽമാത്രം ആശ്രയിച്ചുകൊള്ളണമെന്നുമാണ്. തങ്ങളുടെ ഈ വിശ്വാസത്തെ അവലംബിച്ചുതന്നെയാണ് ചതുർവ്വേദങ്ങൾക്കു പുറമെ, ദിവ്യഗ്രന്ഥങ്ങളെന്നപേരിൽ ലോകത്ത് പ്രചരിതങ്ങളായിരിക്കുന്ന മറ്റെല്ലാ മതഗ്രന്ഥങ്ങളും കേവലം മനുഷ്യനിർമ്മിതങ്ങളാണെന്നു അവർ പറയുന്നതും. എന്നാൽ, ആ മതഗ്രന്ഥങ്ങളാകട്ടെ 'വേദസംഹിത'യെക്കാൾ കൂടുതൽ തെളിവുകൾ അവയുടെ സത്യത്തിലേക്ക് സമർപ്പിക്കുന്നുമുണ്ട്. ദൈവത്തിന്റെ സഹായഹസ്തം അവയോടുകൂടിയുണ്ടെന്നും ദിവ്യഅടയാളങ്ങൾ അവയുടെ സത്യത്തെ സാക്ഷീകരിക്കുന്നുണ്ടെന്നുള്ളതും ഒരു പരമാർത്ഥമാണ്. എന്നിരിക്കുമ്പോൾ, 'വേദ'ങ്ങൾ മാത്രമാണ് ദൈവത്തിങ്കൽനിന്നുള്ളതെന്നും മറ്റു ഗ്രന്ഥങ്ങളൊന്നും അവങ്കൽനിന്നുള്ളതല്ലെന്നും വരുന്നതെങ്ങനെ? ഈ പ്രത്യേകാവകാശത്തെ യുക്തിതന്നെയും മറക്കുകയാണ് ചെയ്യുന്നത്. ദൈവം ഗൂഢാൽഗൂഢതമനും സൂക്ഷ്മതമനുമായിരിക്കയാൽ അവൻ തന്റെ സത്തയെ വിവിധ രാജ്യങ്ങൾക്ക് തെളിയിച്ചുകൊടുക്കേണ്ടതിനു വ്യത്യസ്ത ജനവിഭാഗങ്ങളിൽ നിന്നു വിഭിന്നകാലഘട്ടങ്ങളിലായി പല പ്രവാചകന്മാരെയും തിരഞ്ഞെടുത്തു അവർക്ക് തന്റെ വചനവും വെളിപാടും നല്കിയിരിക്കേണ്ടതത്യാവശ്യമാകുന്നു. എന്നല്ലാതെ, ഏതെങ്കിലും ഒരു രാജ്യത്തിൽ ഒരിക്കൽ അവൻ തന്റെ 'വേദം' വെളിപ്പെടുത്തിയാൽ പോരാ എന്നു യുക്തിയും ആവശ്യപ്പെടുന്നുണ്ട്. ശീഘ്രം സംശയങ്ങൾക്കും ആശങ്കകൾക്കും വശഗതരായിപ്പോകുന്ന മനുഷ്യർ അവിശ്വാസത്തിൽനിന്നു വിമുക്തരായിരിക്കേണ്ടതിന് ഇതല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

**അയുക്തികമായ ഗീർവാണഭക്തി**

പൗരസ്ത്യ പാശ്ചാത്യ ഭേദമെന്യെ സകല ദേശവാസികളു

ടെയുംമേൽ തന്റെ സൂര്യനുദിപ്പിച്ച് അവർക്കു പ്രകാശം നല്കുകയും എല്ലാ രാജ്യ വിഭാഗങ്ങളിലും ആവശ്യാനുസരണം യഥാകാലങ്ങളിൽ മഴ പെയ്യിച്ച് അവയെ ഫലവത്താക്കിത്തീർക്കുകയും ചെയ്യുന്ന സർവ്വലോകരക്ഷിതാവായ ദൈവം ആത്മീയപരിചരണ വിഷയത്തിൽ കൃശമനസ്കനും ലോഭിയുമാണെന്ന് വിചാരിക്കുമാറുള്ളതരത്തിൽ അവനെപ്പോഴും ഒരേ രാജ്യത്തെയും ഒരേ സമുദായത്തെയും ഒരേ ഭാഷയേയും മാത്രം പ്രിയപ്പെടുകയും അങ്ങനെ തന്റെ ആത്മീയാനുഗ്രഹത്തെ പരിമിതമാക്കിത്തീർക്കുകയും ചെയ്തുവെന്നു പറയുന്നത് തീരെ അസംഗതമാകുന്നു. മനുഷ്യൻ അവരുടെ വ്യത്യസ്ത ഭാഷകളിൽ ചെയ്യുന്ന പ്രാർത്ഥനകളും അഭയയാചനകളും കേൾക്കുന്നതിനു അനിഷ്ടം ഭാവിക്കാത്ത പരമേശ്വരൻ ഗീർവാണഭാഷയിൽ- വൈദികസംസ്കൃതത്തിൽ- അല്ലാതെ മറ്റേതെങ്കിലുമൊരു ഭാഷയിൽ ദിവ്യബോധനം നല്കുന്നത് കഠിനമായി വെറുക്കുന്നുവെന്നുള്ള സിദ്ധാന്തത്തിൽ എന്തൊരു യുക്തിയും തത്ത്വജ്ഞാനവുമാണ് അടങ്ങിയിരിക്കുന്നത് എന്നു എനിക്ക് മനസ്സിലാകുന്നില്ല. ഈ തത്ത്വം അഥവാ വേദവിദ്യയാകട്ടെ യാതൊരാളാലും ഇതുവരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു മർമ്മം കണക്കെ ദുഷ്പ്രാപ്യമായതാകുന്നു.

യുക്തിക്ക് കേവലം വിപരീതമായതും പരിശുദ്ധനായ ദൈവത്തിന്റെ സത്തയിൽ ലുബ്ധതയും പക്ഷപാതിത്ത്വമാകുന്ന കളങ്കവും ആരോപിക്കാവുന്നതരത്തിലുള്ളതുമായ ഈവിധമൊരു സിദ്ധാന്തം 'വേദ'ത്തിൽനിന്ന് വേർപ്പെട്ടതായ ഒന്നായിട്ടേ ഞാൻ കരുതുന്നുള്ളൂ. എന്നാൽ, ഒരു ദിവ്യഗ്രന്ഥത്തിന്റെ ആവിർഭാവത്തിനുശേഷം ദീർഘകാലം കഴിയുമ്പോൾ തദനുസാരികൾ അശ്രദ്ധയാലോ സ്വാർത്ഥവിചാരത്താലോ അറിഞ്ഞോ അറിയാതെയോ അതിൽ കൂട്ടിച്ചേർപ്പുകളും ഭേദഗതികളും വരുത്തുന്നുവെന്നത് ഒരു പരമാർത്ഥം മാത്രമാണ്. ഇങ്ങനെ, മതത്തിൽ കൈകടത്തുന്നവർ വ്യത്യസ്താശയക്കാരും അഭിപ്രായക്കാരുമായിരിക്കയാൽ ഒരു മതത്തിൽ ത്തന്നെ പല

മതവിഭാഗങ്ങൾ ഉത്ഭവിക്കാൻ സംഗതിയായിത്തീരുന്നു.

**സങ്കുചിത വിശ്വാസങ്ങൾ**

ദൈവത്തിന്റെ ബോധനവും വെളിപാടും എപ്പോഴും ആര്യ ജനതയ്ക്കും ആര്യാവർത്തത്തിന്റെ അതിർത്തിക്കുള്ളിലും മാത്രമുള്ളവയാണെന്ന് ദൈവവചനം ഒരേ ഭാഷാമാർഗ്ഗേണ, അതായത് ദൈവികസംസ്കൃതം മുഖേന മാത്രമേ വെളിപ്പെട്ടിട്ടുള്ളൂ എന്നും അതാണ് ഈശ്വരഭാഷയെന്നും ആര്യസമാജക്കാർ വിശ്വസിച്ചുവരുന്ന പ്രകാരംതന്നെ യഹൂദരും തങ്ങളുടെ വർഗ്ഗത്തേയും മതഗ്രന്ഥങ്ങളേയും ഗ്രന്ഥഭാഷയേയും സംബന്ധിച്ച് വിശ്വസിക്കുന്നു. ദൈവത്തിന്റെ ഭാഷ ഹീബ്രു (എബ്രായ ഭാഷ) ആണെന്നും ദൈവബോധനവും ഈശ്വര ജ്ഞാനവും ഇസ്റായേൽ വർഗ്ഗത്തിന്നിടയിലും അവരുടെ രാജ്യാതിർത്തിക്കുള്ളിലും മാത്രമായിരിക്കുമാറുള്ള തരത്തിൽ തങ്ങൾ ദൈവത്തിന്റെ വരിഷ്ഠജനമാണെന്നുമാണ് യഹൂദർ വിശ്വസിച്ചുവരുന്നത്. യഹൂദജാതിക്കാരനും യഹൂദഭാഷക്കാരനുമല്ലാത്ത ഒരന്യൻ പ്രവാചകത്വം വാദിക്കുന്നപക്ഷം അയാളെ അവർ അസത്യവാദിയെന്നു വെച്ചു പുച്ഛിച്ചു തള്ളിക്കളയുന്നു! ഈ രണ്ടു ജാതിക്കാരും അവരുടെ വിശ്വാസരീതിയിൽ ഐകരൂപ്യമുള്ളവരായിരിക്കുന്നത് ആശ്ചര്യാവഹം അല്ലേ? ഇവരെപ്പോലെതന്നെ വേറെയും ചില മതവിഭാഗക്കാർ ഇത്തരം കുടുസ്സായ അഭിപ്രായങ്ങളെ പുലർത്തുന്നതായി കാണാം. ദൃഷ്ടാന്തമായി തങ്ങളുടെ മതം ഹൈന്ദവ വേദത്തേക്കാളും ലക്ഷോപലക്ഷം വർഷങ്ങൾക്കു മുമ്പേയുള്ളതാണെന്ന് അവകാശപ്പെടുന്ന പാർസികൾ- സൗരാഷ്ട്രന്മാർ- ഈ സങ്കുചിതാഭിപ്രായത്തെത്തന്നെയാണ് കൈക്കൊണ്ടിരുന്നത്. ദൈവവചനവും ഈശ്വരജ്ഞാനവും തങ്ങളുടെ രാജ്യാതിർത്തിയിലും സ്വജാതീയരുടെ ഇടയിലും തങ്ങളുടെ ഗ്രന്ഥഭാഷയിലും മാത്രമേയുള്ളൂവെന്ന ഈ വിശ്വാസം പക്ഷപാതമനസ്ഥിതിയുടെയും അറിവില്ലായ്മയുടെയും ഫലമായുണ്ടായതാണെന്നാകുന്നു എനിക്ക് തോന്നുന്നത്. ഒരു ജാതിക്കാർക്കു മറ്റു ജാതിക്കാരെയും ഒരു രാജ്യക്കാർക്കു മറ്റു രാജ്യക്കാരെയും കുറിച്ച് യാതൊരു

വിവരവും ലഭിക്കുവാൻ വഴിയില്ലാതെ സ്ഥിതിചെയ്തിരുന്ന അനേകം (യുഗങ്ങൾ) മുമ്പേ ലോകത്ത് കഴിഞ്ഞിട്ടുണ്ട്. തന്മൂലം, ആ കാലങ്ങളിൽ ദൈവത്തിന്റെ പക്കൽനിന്നു ഒരു പ്രവാചകനോ വേദഗ്രന്ഥമോ ഉണ്ടായിട്ടുള്ള ഒരു ജാതിക്കാരനോ രാജ്യക്കാരനോ തങ്ങളുടെ ഈ വിവരമില്ലായ്മ നിമിത്തം ദൈവത്തിങ്കൽനിന്ന് മാർഗ്ഗദർശനം സിദ്ധിച്ചത് തങ്ങൾക്കു മാത്രമാണെന്നും തങ്ങളുടെ ജാതിക്കാർക്കോ രാജ്യക്കാർക്കോ മാത്രമാണ് ദൈവികഗ്രന്ഥം നല്കപ്പെട്ടതെന്നും പുറമെയാർക്കും അതിന് ഭാഗ്യമുണ്ടായിട്ടില്ലെന്നും വിശ്വസിച്ചുപോന്നു.

പ്രസ്തുത വിശ്വാസം ലോകത്തു വലുതായ നാശങ്ങൾക്കു കാരണമായിത്തീർന്നു. യഥാർത്ഥത്തിൽ, ഇത്തരം മതഗ്രന്ഥങ്ങളേയും അന്യമതപ്രവാചകന്മാരേയും സംബന്ധിച്ച് പക്ഷപാതമനോഭാവത്തോടുകൂടിയ ഈ വിശ്വാസമാണ് വിവിധ സമുദായങ്ങൾക്കിടയിൽ വർദ്ധിച്ചുവന്നതായി നാമിന്ന് കാണുന്ന വർഗ്ഗീയവും മതപരവുമായുള്ള വൈരത്തിനും വിദ്വേഷത്തിനും ബീജാവാപം ചെയ്തത്. ഒരു ദീർഘകാലത്തോളം ഒരു ജനത മറ്റൊരു ജനതയെക്കുറിച്ചും ഒരു രാജ്യക്കാർ മറ്റൊരു രാജ്യക്കാരെക്കുറിച്ചും അറിയാൻ സാധിക്കാത്തവിധം വേറിട്ടു ജീവിച്ചുപോന്നിരുന്നു. ഇങ്ങേയറ്റം ആര്യാവർത്തത്തിലെ പണ്ഡിതന്മാർ വിശ്വസിച്ചുപോന്നത് ഹിമാലയത്തിന്റെ അപ്പുറം ജനവാസംതന്നെയില്ലെന്നത്രെ. എന്നാൽ, വിവിധ ജാതിക്കാരും വിവിധ രാജ്യക്കാരുമായ ജനവിഭാഗങ്ങളുടെ ഇടയിലുണ്ടായിരുന്ന ആ തിരശ്ശീലകൾ നീങ്ങിത്തുടങ്ങുകയും മനുഷ്യരുടെ നാഗരികതയുടെ വൃത്തം വിസ്തൃതമാവുകയും ചെയ്തതോടുകൂടി, അവർക്ക് ഭൂമിയിലെ ജനവാസത്തെക്കുറിച്ചുള്ള അറിവും വർദ്ധിച്ചുവന്നു. അപ്പോഴേക്കും ഓരോ മതസ്ഥരും താന്താങ്ങളുടെ വേദഗ്രന്ഥങ്ങളേയും ഋഷിവര്യന്മാരേയും പ്രവാചകന്മാരേയും സംബന്ധിച്ചു പാരമ്പര്യമായി കൈക്കൊണ്ടുവന്ന ആ അബദ്ധവിശ്വാസങ്ങളും ആത്മപ്രശംസയിലുള്ള വാസനയും അവരുടെ ഹൃദയങ്ങളിൽ രൂഢമൂലമായിപ്പോയിട്ടുണ്ടായിരുന്നു. തന്മൂലം, ഓരോ ജാതിക്കാരും ദൈവമാഹാത്മ്യത്തിന്റെ സാക്ഷാ

ത്ക്കാരത്തിനുള്ള കേന്ദ്രം എപ്പോഴും തങ്ങളുടെ രാജ്യാതിർത്തിക്കുള്ളിലാണെന്ന് കരുതിപ്പോന്നു. ആ കാലങ്ങളിൽ മനുഷ്യർ മിക്കവാറും മൃഗീയസ്വഭാവങ്ങൾക്കു വിധേയരായിപ്പോയിരുന്നു; പൗരാണിക വിശ്വാസാചാരങ്ങൾക്കു എതിരുപറയുന്നവരുടെ നേർക്കു വാൾ പ്രയോഗിക്കുക അവരുടെ ശീലമായിരുന്നു. അതിനാൽ, വിവിധ ജാതിക്കാരുടെ ഈ ശ്രേഷ്ഠതാവാദകോലാഹലങ്ങളെ ശമിപ്പിക്കുമാറ് അവരുടെയിടയിൽ ഒരു സമാധാനമുണ്ടാക്കിത്തീർക്കുന്നതിന് ആർക്കാണ് ധൈര്യമുണ്ടായിരുന്നിരിക്കുക.

**മഹാത്മാ ബുദ്ധൻ**

എന്നാൽ, ഗൗതമബുദ്ധൻ അങ്ങനെ സമാധാനം വരുത്തുന്നതിനായി ശ്രമിക്കുകതന്നെ ചെയ്തു. സർവ്വവും വേദത്തിൽ അടങ്ങിയിരിക്കുന്നുവെന്നും ആദിമവും അന്തിമവുമായ ദൈവപ്രബോധനം അതാണെന്നുമുള്ള സിദ്ധാന്തത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നില്ല. ദൈവത്തിന്റെ ബോധനവും വെളിപാടും ഏതെങ്കിലുമൊരു ജനവിഭാഗത്തിന്നിടയിലോ ഒരു രാജ്യാതിർത്തിക്കുള്ളിലോ ഒരു ഭാഷയിലോ മാത്രമാണെന്ന വിശ്വാസത്തെ അദ്ദേഹം അനുകൂലിച്ചിരുന്നുമില്ല. മറ്റൊരു പ്രകാരത്തിൽ 'വേദം' സർവ്വവിജ്ഞാനങ്ങളുടെയും കലവറയാണെന്നും വൈദികഭാഷയും ഈ രാജ്യവും ബ്രാഹ്മണകുലവും മാത്രമാണ് ദിവ്യവെളിപാടിനും ദൈവപ്രബോധനത്തിനും അവകാശപ്പെട്ടതെന്നുമുള്ള സിദ്ധാന്തത്തെ അദ്ദേഹം ഖണ്ഡിക്കുകതന്നെ ചെയ്തു. തന്റെ വിപരീത പ്രഖ്യാപനങ്ങൾമൂലം അദ്ദേഹം വളരെയൊക്കെ ക്ലേശങ്ങളും ദുരിതങ്ങളും അനുഭവിക്കേണ്ടിവന്നു. അദ്ദേഹം നിരീശ്വരനാണെന്നും നാസ്തികവാദിയാണെന്നും ആക്ഷേപിക്കപ്പെടുകയുണ്ടായി. ആധുനികകാലത്തും ക്രിസ്തുവിന്റെ ദൈവത്ത്വത്തെ കൈക്കൊള്ളാത്ത- ദൈവം ക്രൂശിക്കപ്പെടാവുന്നവനാണെന്നു സമ്മതിക്കാൻ തയ്യാറില്ലാത്ത- യൂറോപ്പിലേയും അമേരിക്കയിലേയും ചിന്താശീലരായ അന്വേഷണബുദ്ധികളെല്ലാം പാതിരിമാരുടെ ദൃഷ്ടിയിൽ നിരീശ്വരന്മാരും, നാസ്തിക മതക്കാരുമായിത്തീർന്നതുപോലെയാണ് ബുദ്ധനും നാസ്തികനായിപ്പോയത്!

ദുഷ്ടബുദ്ധികളായ ശത്രുക്കൾ സാധാരണ ചെയ്യാറുള്ളതു പോലെ, ബുദ്ധനെ അദ്ദേഹത്തിന്റെ വൈരികൾ തങ്ങളുടെ മിഥ്യാപ്രസ്താവത്തിനു ലക്ഷീഭവിപ്പിക്കുകതന്നെ ചെയ്തു. അദ്ദേഹത്തിന്റെ പേരിൽ പൊതുജനങ്ങൾക്ക് വെറുപ്പുണ്ടാക്കി ത്തീർക്കുന്നതിന് വിരോധികൾ അദ്ദേഹത്തെക്കുറിച്ച് പല ദോഷാരോപണങ്ങളും ചെയ്തു. അദ്ദേഹത്തെ ദുഷ്ക്കീർത്തി പ്പെടുത്തി. ഒടുക്കം, ഈ വ്യാജപ്രസ്താവനകളുടെയെല്ലാം ഫല മായി ബുദ്ധൻ തന്റെ ജന്മദേശമായ ആര്യാവർത്തത്തിൽനിന്ന് നിഷ്കാസിതനായി ഭവിച്ചു. ഹിന്ദുക്കൾ ഇന്നും ബുദ്ധമത ത്തേയും അതിന്റെ വിജയത്തെയും പുച്ഛഭാവത്തിലും നിന്ദാ ദൃഷ്ടിയോടുകൂടിയുമാണ് വീക്ഷിക്കുന്നത്. “പ്രവാചകൻ തന്റെ സ്വദേശത്തല്ലാതെ ബഹുമാനമില്ലാത്തവനാകുന്നില്ല” എന്നു ക്രിസ്തു പറഞ്ഞിരിക്കുന്നതുപോലെ, ബുദ്ധൻ അന്യരാജ്യങ്ങ ളിൽ ചെന്നതിനുശേഷം അദ്ദേഹത്തിനു വമ്പിച്ച വിജയം സിദ്ധി ക്കുകയുണ്ടായി. ഇങ്ങേയറ്റം ഇന്ന് ലോകത്തിലെ മൂന്നിലൊരു വിഭാഗം ജനങ്ങൾ അദ്ദേഹത്തിന്റെ മതം ആശ്ലേഷിച്ചിട്ടുള്ളവ രാണെന്നു പറയപ്പെടുന്നു. ഈ മതം തെക്കേ റഷ്യയിലും കൂടി പരന്നുകഴിഞ്ഞിരിക്കുന്നു. എങ്കിലും അനുയായികളുടെ ബാഹുല്യം നോക്കുമ്പോൾ, അതിന്റെ കേന്ദ്രങ്ങൾ ചീനയും ജപ്പാനുമാകുന്നു.

**അസഹിഷ്ണുതയുടെ ആരംഭം**

ഇനി നമുക്ക് പ്രകൃതവിഷയത്തിലേക്കുതന്നെ തിരിയാം. ഒരു മതത്തിന്റെ അനുയായികൾക്കു ഇതര രാജ്യങ്ങളിലുള്ള മതങ്ങളെക്കുറിച്ച് യാതൊരു വിവരവുമില്ലാതിരുന്ന കാലങ്ങളിൽ, ഓരോ സമുദായക്കാരും താന്താങ്ങളുടെ മതത്തേയും മതഗ്ര ന്ഥത്തേയും മാത്രം സത്യത്തിന്റെയും ജ്ഞാനത്തിന്റെയും ഭണ്ഡാരമാക്കിക്കരുതിപ്പോന്നു. അതിനാൽ, വിവിധ രാജ്യക്കാർ അന്യോന്യം പരിചയപ്പെടുവാനും ഒരു രാജ്യക്കാർ മറ്റൊരു രാജ്യക്കാരുടെ മതവിശ്വാസങ്ങളെക്കുറിച്ച് അറിയുവാനും തുട ങ്ങിയതോടുകൂടി അവർക്ക് അന്യോന്യം മതവിശ്വാസങ്ങളെ വക വെച്ചുകൊടുക്കാൻ പ്രയാസമായിത്തീർന്നു! എന്തെന്നാൽ,

ഓരോരുത്തരും താന്താങ്ങളുടെ മതത്തിനു അതിശയോക്തിപരമായ വൈശിഷ്ട്യങ്ങളും ശ്രേഷ്ഠതകളും കല്പിക്കുകയും അവ ആ മതത്തിൽനിന്ന് വേർപെടുത്തുവാൻ സാധ്യമല്ലാത്തവിധം അവയിൽ അവർ പറ്റിപ്പിടിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അതിനാൽ, ഓരോ മതസ്ഥരും ഇതര സമുദായക്കാരുടെ മതം വെറും ഭോഷ്ക്കാണെന്നു വരുത്തുന്നതിനു ഉദ്യുക്തരായിത്തുടങ്ങി. ദൃഷ്ടാന്തമായി, സൊറോസ്റ്റ്ര മതക്കാർ തങ്ങളുടെ മതത്തിന് തുല്യമായുള്ള ഒരു മതം വേറെയില്ലെന്നും പ്രവാചകത്വം തങ്ങളുടെ വർഗ്ഗത്തിന് പ്രത്യേകമായിട്ടുള്ളതാണെന്നും തങ്ങളുടെ മതഗ്രന്ഥം മറ്റെല്ലാ മതഗ്രന്ഥങ്ങളെക്കാളും– ഇങ്ങേയറ്റം 'വേദ' ത്തിന്റെ പഴമയെക്കുറിച്ചുള്ള വാദത്തെപ്പോലും അതിശയിക്കുന്നതരത്തിൽ– എത്രയോ പുരാതനമായിട്ടുള്ളതാണെന്നും വിശ്വസിച്ചുപോന്നു.

എബ്രായജാതിക്കാരാകട്ടെ ഈ ശ്രേഷ്ഠതാവാദത്തെ അങ്ങേയറ്റത്തു എത്തിച്ചു. അവർ ദൈവത്തിന്റെ ആസ്ഥാന ദേശം എപ്പോഴും തങ്ങളുടെ സ്വരാജ്യമായ സിറിയ മാത്രമാണെന്നും ആത്മീയ പരിഷ്കരണാർത്ഥം ദൈവനിയുക്തരാകുന്ന പ്രവാചകന്മാർ തങ്ങളുടെ ഗോത്രത്തിൽനിന്നുതന്നെ തിരഞ്ഞെടുക്കപ്പെടുന്നവരായിരിക്കുമെന്നും ഈ മാർഗ്ഗദർശനം ഇസ്റായീൽ ഗോത്രത്തിനു പുറമെയെങ്ങും പാടില്ലാത്തവിധം അത് തങ്ങൾക്കു പ്രത്യേകമായുള്ളതാണെന്നും അവർ വിശ്വസിച്ചുപോന്നു. ദൈവത്തിന്റെ ബോധനവും വെളിപാടുമാകുന്ന അനുഗ്രഹം തങ്ങളുടെ ഗോത്രത്തിനു മാത്രമായിട്ടുള്ള ഒരു വരമാണെന്നും പുറമെനിന്നു ആരെങ്കിലും ഈ അനുഗ്രഹലബ്ധി ഉണ്ടായിട്ടുള്ളതായി വാദിക്കുന്നതായാൽ അയാൾ കേവലം ഒരു വ്യാജവാദിയാണെന്നുമത്രെ അവരുടെ വിശ്വാസം!

ഇതേ തരത്തിലുള്ള വിശ്വാസങ്ങൾ തന്നെയാണ് ആര്യാവർത്തത്തിലെ ജനതകളിലും പ്രബലപ്പെട്ടിരിക്കുന്നതും. ഇവരുടെ വിശ്വാസപ്രകാരം പരമേശ്വരൻ ഇവരുടെ രാജ്യത്തിലെ കാര്യം മാത്രം നോക്കുന്ന ഒരു രാജാവാണെന്നാകുന്നു. അദ്ദേഹം ഇതര രാജ്യങ്ങളെപ്പറ്റി യാതൊന്നും അറിയാത്ത ഒരു രാജാവാ

ണത്രെ! ആദിമുതൽക്കെ ആര്യാവർത്തത്തിലെ കാലാവസ്ഥ കളും പരിതസ്ഥിതികളും അദ്ദേഹത്തിനു എത്രയും പഥ്യമായി ത്തോന്നി! തന്മൂലം, താൻ സൃഷ്ടിച്ചതിനുശേഷം വിസ്മരിച്ചുക ളഞ്ഞിരിക്കുന്ന ഇതര രാജ്യക്കാരുടെ സ്ഥിതിഗതികൾ അറിവാൻ അവരെ ഒന്നു സന്ദർശിക്കുന്നതിനുപോലും അദ്ദേഹം ആഗ്ര ഹിച്ചില്ലത്രെ!ഇത്തരത്തിലുള്ള വിശ്വാസങ്ങളാണ് യാതൊരു തെളിവും യുക്തിയുമെന്യേ പാലിക്കപ്പെടുന്നത്.

**പ്രവാചകനിന്ദനം വിഷം**

സുഹൃത്തുക്കളേ! ഏകാദൃശങ്ങളായ വിശ്വാസങ്ങൾ മനു ഷ്യന്റെ പ്രകൃതിക്കും യുക്തിക്കും ചേർന്നവയാണോ എന്നും മനസ്സാക്ഷി അവയെ ഉൾക്കൊള്ളുന്നുണ്ടോ എന്നും നിങ്ങ ളൊന്നു ചിന്തിച്ചുനോക്കുവിൻ! ഒരു ഭാഗത്ത് ദൈവം സർവ്വ ലോകാധിനാഥനെന്നു വിശ്വസിക്കുകയും അതേ ശ്വാസത്തിൽ മറുഭാഗത്ത് ആ സർവ്വദാതാവ് ലോകത്തിന്റെ ഭൂരിഭാഗത്തിനും രക്ഷചെയ്യുന്നില്ലെന്നും അവന്റെ ദയാദൃഷ്ടി ഒരു പ്രത്യേക ജാതി ക്കാർക്കോ പ്രത്യേക രാജ്യക്കാർക്കോ മാത്രമാണെന്ന് പറയു കയും ചെയ്യുന്നതിൽ എന്തൊരു യുക്തിയാണുള്ളതെന്ന് എനിക്ക് മനസ്സിലാകുന്നില്ല! നീതിദൃഷ്ടിയാൽ അവലോകനം ചെയ്യുന്ന പക്ഷം ദൈവം തന്റെ ഭൗതികാനുഗ്രഹങ്ങൾ വിത രണം ചെയ്യുന്ന കാര്യത്തിൽ ഇങ്ങനെ പക്ഷഭേദം കാണിച്ചിരി ക്കുന്നു എന്നതിലേക്ക് നിങ്ങൾ ഒരു ദൃഷ്ടാന്തംപോലും കണ്ടെ ത്തുകയില്ല. എന്നിരിക്കെ, അവന്റെ ആത്മീയ പരിചരണ സമ്പ്ര ദായത്തിൽ അങ്ങനെ അവനിൽ ഒരു പക്ഷപാതിത്ത്വം ദൃശ്യമാ കുന്നതെങ്ങനെ? സൂക്ഷ്മചിന്തനം ചെയ്യുന്നപക്ഷം ഏതൊരു കാര്യത്തിന്റെയും ഗുണമോ ദോഷമോ അതിന്റെ ഫലം കൊണ്ട് മനസ്സിലാക്കാവുന്നതാണ്. നാനാതരക്കാരായ ജനകോടികളുടെ ഭക്ത്യാനുസരണങ്ങൾക്ക് പാത്രമായ പുണ്യപ്രവാചകന്മാരെ അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നതിന്റെ ഫലം എങ്ങനെയുള്ളതാണെന്നും അതിന്റെ പര്യവസാനം എന്താണെന്നും ഞാൻ നിങ്ങളോട് പറഞ്ഞുതരേണ്ടുന്ന ആവ ശ്യമില്ല. എന്തെന്നാൽ, ഇത്തരം അധിക്ഷേപനിരൂപണങ്ങളുടെ

ദോഷഫലം ഏറെക്കുറെ അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത ഒരു ജന വിഭാഗവും ഉണ്ടായിരിക്കയില്ലതന്നെ.

പ്രിയ സുഹൃത്തുക്കളേ! ഓരോ സമുദായവും അന്യസമുദായങ്ങളുടെ പ്രവാചകന്മാരെ നിന്ദിച്ചുപറയുകയും ആക്ഷേപിക്കുകയും ചെയ്യുന്നത് കാലാന്തരത്തിൽ ജഡത്തിന് മാത്രമല്ല, ആത്മാവിനുകൂടി നാശം വരുത്തുന്നതും അങ്ങനെ മതപരവും ലൗകികവുമായ ജീവിതത്തെത്തന്നെ ഹനിച്ചുകളയുന്നതുമായ ഒരു ഭയങ്കര വിഷമാണെന്ന് ദീർഘകാലത്തെ അനുഭവങ്ങളും പലപ്പോഴായുള്ള പരീക്ഷണങ്ങളും നമ്മൾക്ക് തെളിയിച്ചുതന്നിരിക്കുന്നു. **ഏതൊരു രാജ്യനിവാസികൾ അന്യോന്യം മതാചാര്യന്മാരെ ആക്ഷേപിക്കുകയും അവരെ അവഹേളിച്ച് പറയുകയും ചെയ്തുകൊണ്ടിരിക്കുന്നുവോ അവർക്ക് സമാധാനജീവിതം സാധ്യമാകുന്നതല്ല. ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ പ്രവാചകന്മാരേയും അല്ലെങ്കിൽ ഇരുകൂട്ടരും അന്യോന്യം പ്രവാചകന്മാരേയും ഋഷിമാരേയും അവതാരപുരുഷന്മാരേയും അധിക്ഷേപിക്കുകയും ദുഷിച്ചുപറയുകയും ചെയ്യുന്നുവെങ്കിൽ, ആ സമുദായങ്ങൾക്ക് അന്യോന്യം ഒരിക്കലും യഥാർത്ഥമായ ഐക്യവും മൈത്രിയുമുണ്ടായിത്തീരുകയില്ല**. താൻ വിശ്വസിച്ചാദരിക്കുന്ന പ്രവാചകനേയോ മതാചാര്യനേയോ മറ്റൊരുവൻ നിന്ദിക്കുന്നത് കേൾക്കുമ്പോൾ ആർക്കാണ് രോഷമുണ്ടാകാത്തത്? പ്രത്യേകിച്ചും മുസ്ലിംകൾ തങ്ങളുടെ പ്രവാചകർ തിരുമേനിയെ ദൈവമോ ദൈവപുത്രനോ ആയി വിചാരിക്കുന്നില്ലെങ്കിലും അവർ ആ പുണ്യാത്മാവിനെ ഭൂജാതരായ സകല മഹാത്മാക്കളെക്കാളും ശ്രേഷ്ഠനെന്ന് വിശ്വസിക്കുന്നതുകൊണ്ട് ആ നബി(സ) തിരുമേനിയെ സംബന്ധിച്ചു സംസാരിക്കുന്നത് ബഹുമാനാദരങ്ങളോടുകൂടിയാകാത്തപക്ഷം ഒരു യഥാർത്ഥ മുസ്ലിമുമായി സ്നേഹബന്ധം നിലനിറുത്തുവാൻ ഒരു അമുസ്ലിമിന് ഒരിക്കലും സാധ്യമാകുന്നതല്ല.

ഞങ്ങൾ ഇതര സമുദായങ്ങളുടെ പ്രവാചകന്മാരെ ഒരിക്കലും നിന്ദിക്കുന്നില്ല. മറിച്ചു ലോകത്ത് പല കാലഘട്ടങ്ങളി

ലായി വിവിധ ജാതികളുടെ ഇടയിൽ ആഗതരായിട്ടുള്ള സകല പ്രവാചകന്മാരേയും വിശ്വസിച്ചാദരിക്കുകയാണ് ചെയ്യുന്നത്. **ആ മഹാത്മാക്കളിൽ കോടിക്കണക്കായ ജനങ്ങൾ വിശ്വസിക്കുകയും അവരുടെ പേരിൽ ലോകത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തുള്ള ഒരു ജനവിഭാഗം സ്നേഹബഹുമാനങ്ങൾ അർപ്പിക്കുകയും ഈ അവസ്ഥ അനേക യുഗങ്ങളായി തുടർന്നുവരികയും ചെയ്തതുതന്നെ ആ മഹാത്മാക്കളുടെ സത്യത്തിലേക്ക് മതിയായ തെളിവാണ്.** എന്തുകൊണ്ടെന്നാൽ, അവർ ദൈവനിയുക്തരായ സത്യപുരുഷന്മാരായിരുന്നില്ലെങ്കിൽ അവരുടെ പേരിൽ കോടിക്കണക്കായ ജനങ്ങളുടെ ഹൃദയങ്ങളിൽ സ്ഥായിയായ ഭക്തിവിശ്വാസങ്ങൾ കുടികൊണ്ടിരിക്കാൻ സംഗതിയാകുമായിരുന്നില്ല. ദൈവം നിയോഗിച്ചയക്കുന്ന മഹാത്മാക്കൾക്കുണ്ടാകുന്ന തരത്തിലുള്ള സ്വീകാര്യതയും ബഹുമാനവും അന്യർക്കു സിദ്ധിക്കുന്നതിനു ആ ഭക്തവത്സലൻ ഒരിക്കലും ഇടവരുത്തുകയില്ല. ഒരു കള്ളവാദി സത്യപ്രവാചകന്മാരെപ്പോലെ അഭിനയിച്ചു അവരുടെ സ്ഥാനത്തെ കൈയേറുന്നതിനു ഭാവിക്കുന്നപക്ഷം അവൻ താമസിയാതെ നാശമടയുന്നതാണ്.

### ആര്യസമാജവും വേദങ്ങളും

ഇതേ ന്യായത്തെ ആസ്പദിച്ചു ഞങ്ങൾ 'വേദ'ത്തെ ദൈവത്തിങ്കൽനിന്നുള്ളതെന്ന് വിശ്വസിക്കുകയും വൈദിക ഋഷിമാരെ മഹാത്മാക്കളായിട്ട് കൈക്കൊള്ളുകയും ചെയ്യുന്നു. എന്നാൽ, 'വേദ'ത്തിലെ ഉപദേശങ്ങൾക്കാകട്ടെ യാതൊരുവിധ ജനവിഭാഗത്തേയും പൂർണ്ണമായനിലയിൽ ഏകദൈവഭക്തരാക്കിത്തീർക്കുന്നതിനു കഴിഞ്ഞിട്ടില്ലെന്നും അതിലേക്ക് അതു പര്യാപ്തമായിരുന്നില്ലെന്നുമുള്ളത് അനുഭവഗോചരമായിട്ടുള്ളതാണ്. വിഗ്രഹാരാധനക്കാരും അഗ്നിപൂജക്കാരും സൂര്യാരാധകരും ഗംഗാഭക്തരും സഹസ്രോപിസഹസ്രം ദേവതകളിൽ വിശ്വസിക്കുന്നവരും ജൈന ധർമ്മക്കാരും ശാക്തേയ മതക്കാരുമായി ഈ രാജ്യത്ത് കാണപ്പെടുന്ന ഹൈന്ദവ മതവിഭാഗക്കാരെല്ലാം തങ്ങളുടെ വിശ്വാസ സിദ്ധാന്തങ്ങൾക്ക് 'വേദ'ത്തെ

ത്തന്നെയാണ് ആധാരമാക്കുന്നത്. ഈ വ്യത്യസ്ത മതമാർഗ്ഗാവലംബികളേവർക്കും സ്വസിദ്ധാന്ത സ്ഥാപനാർത്ഥം പ്രമാണം ലഭിക്കാവുന്നതരത്തിലുള്ള ഒരു ഗ്രന്ഥമാകുന്നു 'വേദം'. എന്നിരുന്നാലും, വിശുദ്ധഖുർആന്റെ ഉപദേശമനുസരിച്ച് ഞങ്ങൾ വിശ്വസിക്കുന്നത് 'വേദം' മനുഷ്യകൃതമല്ലെന്നുതന്നെയാണ്. എന്തെന്നാൽ, കേവലം മനുഷ്യനിർമ്മിതമായ ഒന്നിന് കോടാനുകോടി ജനങ്ങളെ ആകർഷിക്കുന്നതിനും അനേകയുഗങ്ങളായി നിലനില്ക്കുന്ന ഒരു പദ്ധതിയെ സ്ഥാപിക്കുന്നതിനും കഴിവുണ്ടായിരിക്കയില്ല. ശിലാരാധനയെ സംബന്ധിച്ച് 'വേദ'ത്തിലെങ്ങും ഒന്നും പറഞ്ഞുകാണുന്നില്ലെങ്കിലും, അഗ്നി, വായു, ജലം, ചന്ദ്രൻ, സൂര്യൻ തുടങ്ങിയവയെ ആരാധിക്കുന്നതിനെ സംബന്ധിച്ച ഉപദേശങ്ങൾ 'വേദ'ത്തിൽ നിറഞ്ഞുകിടക്കുന്നു. അതിലെ ഒരു സൂക്തമാകിലും പ്രസ്തുത വസ്തുക്കളെ ആരാധിക്കുന്നതിന് വിരോധം പറയുന്നില്ല. ഈ സ്ഥിതിക്ക് അവയെ ആരാധിക്കുന്നവരായി ഹിന്ദുധർമ്മത്തിലുള്ള പുരാതന മതകക്ഷികളെല്ലാം അപഥത്തിലും നവജാതമായ ആര്യസമാജം മാത്രം സൽപഥത്തിലുമാണെന്നും ആർക്കാണ് തീരുമാനിക്കാൻ കഴിയുക! പ്രസ്തുത വസ്തുക്കളെ ആരാധിക്കുന്നവർക്ക് അവയുടെ ആരാധനയെക്കുറിച്ച് 'വേദ'ത്തിൽ പ്രസ്താവിച്ചിട്ടുണ്ടെന്നും ഇതിന് വിരോധമായി അതിലെവിടെയും പറഞ്ഞിട്ടില്ലെന്നുമുള്ളത് നല്ല തെളിവാണ്. ആര്യസമാജക്കാർ പറയുംപ്രകാരം അഗ്നി, വായ്വാദി സംജ്ഞകൾ പരമേശ്വരന്റെ നാമങ്ങളാണെന്നത് പ്രമാണരഹിതമായ ഒരു വാദം മാത്രമാകുന്നു. അത് നല്ലപോലെ തെളിഞ്ഞിട്ടുള്ള ഒരു സംഗതിയാണെന്ന് വരികിൽ ബനാറസിലും മറ്റ് ഹൈന്ദവ നഗരങ്ങളിലുമുള്ള വലിയ വലിയ പണ്ഡിതന്മാർക്ക് ആര്യസമാജത്തിന്റെ വിശ്വാസസിദ്ധാന്തങ്ങളെ സ്വീകരിക്കാതിരിക്കാൻ യാതൊരു കാരണവും കാണുന്നില്ല. ഈ നവീന സമാജക്കാർ തങ്ങളുടെ നൂതന സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്നതിന് മുപ്പതോ മുപ്പത്തഞ്ചോ കൊല്ലക്കാലമായി ഭഗീരഥപ്രയത്നം ചെയ്തുവന്നിട്ടും ചുരുക്കം ഹിന്ദുക്കൾ മാത്രമേ 'ആര്യമതം' അവലംബിക്കുകയുണ്ടായിട്ടുള്ളൂ. സനാതനധർമ്മക്കാരുടെയും

മറ്റു ഹൈന്ദവ മതകക്ഷികളുടെയും ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ആര്യസമാജക്കാരുടെ എണ്ണം നിസ്സാരമായി ഗണിക്കപ്പെടുമാറ് അത്ര കുറച്ചാകുന്നു. ഇവർക്ക് ഹിന്ദുമതത്തിലെ ഇതര വിഭാഗക്കാരുടെ മേൽ വലിയ സ്വാധീനം ഇനിയും ലഭിച്ചുകഴിഞ്ഞിട്ടില്ല.

ഇതേപ്രകാരം, നിയോഗ*ത്തെ സംബന്ധിച്ചുള്ള സിദ്ധാന്തവും വേദോക്തമാണെന്ന് പറയപ്പെടുന്നു. എന്നാൽ, ഇതാകട്ടെ മനുഷ്യന്റെ പ്രകൃതിക്കും ആത്മാഭിമാനത്തിനും അറപ്പുതോന്നിക്കുന്ന ഒരു സിദ്ധാന്തമാകുന്നു. മുമ്പേ പറഞ്ഞതുപോലെ ഈ സിദ്ധാന്തം വേദോപധിഷ്ഠമാണെന്ന് കൈക്കൊൾവാൻ നിവർത്തിയില്ല. മറിച്ചു, ഇത്തരം സംഗതികളെല്ലാം സ്വാർത്ഥപരമായ ഉദ്ദേശ്യത്തോടുകൂടി പില്ക്കാലത്ത് 'വേദ'വുമായി ബന്ധിക്കപ്പെട്ടവയോ, അതിൽ കൂട്ടിച്ചേർക്കപ്പെട്ടവയോ ആണെന്നു വിശ്വസിക്കാനാണ് ഞങ്ങളുടെ സൽഭാവം ഞങ്ങളെ പ്രേരിപ്പിക്കുന്നത്. 'വേദം' ആയിരോപി ആയിരം കൊല്ലത്തെ പഴക്കമുള്ളതാകകൊണ്ട് പല കാലഘട്ടങ്ങളിലായി ഭാഷ്യകാരന്മാരിൽ ചിലർ അതിൽ അനേകം ഭേദഗതികളും കൂട്ടിച്ചേർപ്പുകളും വരുത്തി കോടാനുകോടി ജനങ്ങൾ വർഷസഹസ്രങ്ങളായിട്ടു വേദത്തെ ദൈവപ്രോക്തമായിട്ടു വിശ്വസിച്ചുവരുന്നു എന്നതു തന്നെ ഞങ്ങളുടെ പക്കൽ അതിന്റെ സത്യത്തിലേക്കു മതിയായ സാക്ഷ്യമാകുന്നു. വേദത്തിന് സിദ്ധിച്ചിരിക്കുന്ന തരത്തിലുള്ള ബഹുമാനാദരങ്ങൾ ഒരു വ്യാജവാദിയുടെ വചനത്തിന് ലഭിക്കുക എന്നത് ഒരിക്കലും സംഭാവ്യമല്ല.

### വിദ്വേഷത്തിന്റെ വിത്ത്

ഈവിധ വൈഷമ്യങ്ങളെല്ലാം ഉള്ളതിനോടുകൂടി, ഞങ്ങൾ ദൈവത്തെ ഭയപ്പെട്ടുകൊണ്ട് 'വേദ'ത്തെ ഈശ്വരപ്രോക്തമായി കൈക്കൊൾകയും, അതിന്റെ ഉപദേശനിർദ്ദേശങ്ങളിൽ കാണുന്ന

---

* ഭർത്താവിന്റെ ആറുതാവഴിവരെ അകന്ന ചാർച്ചക്കാർ, ഭർത്താവിന്റെ ജേഷ്ഠാനുജന്മാർ, സ്വജാതിയിലുള്ളവർ, വിജാതിയിലുള്ളവർ, ഉയർന്ന ജാതിക്കാർ എന്നിവരോടുകൂടി വിധവകൾക്ക് വിവാഹബാഹ്യമായ ലൈംഗികബന്ധം പുലർത്തി സന്താനവൃദ്ധി വരുത്തുന്നതിനെ അംഗീകരിക്കുന്ന ഹൈന്ദവശാസ്ത്രോക്ത സമ്പ്രദായമാണ് നിയോഗം. ഈ സമ്പ്രദായത്തെ സ്വാമി ദയാനന്ദസരസ്വതി തന്റെ 'സത്യാർത്ഥ പ്രകാശ'ത്തിൽ ന്യായീകരിച്ചിട്ടുണ്ട്. ഭാഗം– 190.

തെറ്റുകളെല്ലാം തത്ഭാഷ്യകാരന്മാരുടെ പിഴവുകളായി കരുതുകയും ചെയ്യുമ്പോൾ, ഏകദൈവത്വത്തെക്കുറിച്ച് ഊർജ്ജസ്വലമായി പ്രബോധിക്കുകയും സൂര്യചന്ദ്രാദി വസ്തുക്കളെ ആരാധിക്കാൻ ഉപദേശിക്കുന്നതിനു പകരം അതിനെക്കുറിച്ച് വിരോധിക്കുകയും ചെയ്തിരിക്കുന്ന വിശുദ്ധഖുർആന്റെ നേരെ മര്യാദകെട്ടതരത്തിലുള്ള ആക്ഷേപങ്ങൾ പൊഴിക്കുന്നത് ന്യായമാണോ? ഖുർആൻ വ്യക്തമായി പഠിപ്പിക്കുന്നതാണ്:

لَا تَسْجُدُوا لِلشَّمْسِ وَلَا لِلْقَمَرِ وَاسْجُدُوا لِلّٰهِ الَّذِي خَلَقَهُنَّ

"സൂര്യനേയും ചന്ദ്രനേയും നിങ്ങൾ കുമ്പിടരുത്; അവയെ സൃഷ്ടിച്ച അല്ലാഹുവിനെ നിങ്ങൾ സാഷ്ടാംഗം നമസ്കരിക്കുവിൻ" (41:38). തന്നെയുമല്ല വിശുദ്ധഖുർആന് അതിന്റെ സത്യത്തിലേക്ക് സാക്ഷ്യമായി പൗരാണികവും ആധുനികവുമായ ദിവ്യദൃഷ്ടാന്തങ്ങളുമുണ്ട്. അത് ഒരു കണ്ണാടിയെന്നപോലെ ദൈവമുഖത്തെ കാണിച്ചുതരുന്നു. ഇങ്ങനെയുള്ള ഖുർആന്റെ നേർക്കു ആക്ഷേപവർഷം ചൊരിയുന്നതു നീതിപൂർവ്വകമാണോ? ഞങ്ങൾ ആര്യസമാജക്കാരോട് വർത്തിക്കുന്നതു പോലെ അവർ എന്തുകൊണ്ടാണ് ഞങ്ങളുടെ നേരെയും വർത്തിക്കാത്തത്? രാജ്യമെങ്ങും വിരോധത്തിന്റെയും വിദ്വേഷത്തിന്റെയും വിത്ത് വിതയ്ക്കുന്നത് എന്തിനാണ്? ഇതിൽനിന്ന് എന്തെങ്കിലും നന്മ വിളയുമെന്ന് ആശിക്കുന്നുണ്ടോ? നിങ്ങൾക്ക് പുഷ്പം സമ്മാനിക്കുന്ന ആളുടെ നേർക്ക് കല്ലുവാരിയെറിയുകയും പാൽ സൽക്കരിക്കുന്നയാളെ എച്ചിൽ വെള്ളം കൊണ്ട് അഭിഷേകം ചെയ്യുന്നതും ന്യായമാണോ?

### ഉടമ്പടി ചെയ്യാം

പരിപൂർണ്ണമായ സമാധാനവും മൈത്രിയും ഉണ്ടായിത്തീരുന്നതിന്നായിട്ടു ഹിന്ദുക്കളും ആര്യസമാജക്കാരും ഞങ്ങളുടെ നബി(സ) തിരുമേനിയെ ദൈവത്തിന്റെ സത്യപ്രവാചകനായി കൈക്കൊള്ളുന്നതിനും മേലിൽ ആ പുണ്യാത്മാവിനെ നിഷേധിക്കുകയോ നിന്ദിക്കുകയോ ചെയ്യാതിരിക്കുന്നതിനും തയ്യാ

റാകുമെങ്കിൽ, അഹ്മദിയ്യാ പ്രസ്ഥാനക്കാരായ ഞങ്ങൾ എപ്പോഴും 'വേദ'ത്തിന്റെ സത്യത്തിൽ വിശ്വസിക്കുകയും 'വേദ'ത്തെയും അതിന്റെ ഋഷിമാരേയും സ്നേഹാദരപൂർവ്വം വീക്ഷിക്കുകയും ചെയ്യുന്നതാണെന്നുള്ള ഒരു കരാറിൽ ഒന്നാമനായി ഒപ്പുവെക്കുന്നതിന്നു ഞാനൊരുക്കമാണ്. ഞങ്ങൾ ആ ഉടമ്പടിപ്രകാരം പ്രവർത്തിക്കാത്തപക്ഷം അതിന്നു പിഴയായി ഹിന്ദുക്കൾക്ക് മൂന്നുലക്ഷത്തിൽ കുറയാത്ത ഒരു സംഖ്യ കൊടുക്കുന്നതുമാണ്. ഇങ്ങനെയൊരു സമാധാനത്തിന് ഹിന്ദുക്കൾ ഹാർദ്ദമായി ആഗ്രഹിക്കുന്നുവെങ്കിൽ അവരും ഇതേപ്രകാരം ഒരു കരാറിൽ ഒപ്പു വെച്ചുതരേണ്ടതാവശ്യമാകുന്നു. അതിലെ നിശ്ചയം ഏതാണ്ട് ഇപ്രകാരമായിരിക്കേണ്ടതാണ്:

"ഞങ്ങൾ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ഒരു സത്യപ്രവാചകനായി കരുതുകയും ചെയ്യുന്നു. ഒരു വിശ്വാസിക്കു ചേർന്നവിധത്തിൽ ഞങ്ങൾ അദ്ദേഹത്തെ എപ്പോഴും ബഹുമാനാദരങ്ങളോടുകൂടി സ്മരിക്കുന്നതാണ്. ഞങ്ങളിതിന്നു ഉപേക്ഷ വരുത്തുന്നപക്ഷം അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവിന്നു ഞങ്ങൾ മൂന്നുലക്ഷത്തിൽ കുറയാത്ത തുക പിഴയായി കൊടുക്കുന്നതുമാണ്."

അഹ്മദിയ്യാ ജമാഅത്തിന്റെ എണ്ണം ഇപ്പോൾ അഞ്ചുലക്ഷത്തിൽ കുറയുകയില്ല*. അതിനാൽ ഇത്തരം മഹത്തായ ഒരു സംഗതിക്കുവേണ്ടി മൂന്നുലക്ഷം രൂപ സ്വരൂപിക്കുക എന്നത് വലിയൊരു കാര്യമല്ല. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിൽ ഉൾപ്പെടാത്ത ഇതര മുസ്ലിംകൾ അഭിപ്രായത്തിലോ ആദർശത്തിലോ യാതൊരു ഐക്യവുമില്ലാതെ ചിതറികിടക്കുന്നവരാകുന്നു. അവർ തങ്ങൾക്ക് അനുസരിക്കാൻ ബാധ്യതയുള്ള ഒരു നേതാവിന്റെ കീഴിൽ സ്ഥിതി ചെയ്യുന്നവരുമല്ല. തന്മൂലം അവർ ഈ വിഷയത്തിൽ യോജിക്കുമോ എന്നു പറയാൻ എനിക്ക് നിവർത്തിയില്ല. അവർ ഇപ്പോഴും എന്നെ 'അവിശ്വാസി'യും

* ഈ സംഖ്യ പ്രബന്ധമെഴുതിയ കാലത്താണ്. ഇപ്പോൾ ലോകത്ത് അഹ്മദികളുടെ എണ്ണം കോടികളായി വർദ്ധിച്ചിട്ടുണ്ട്. 190 രാഷ്ട്രങ്ങളിൽ അവർ പ്രവർത്തിച്ചുവരുന്നു (പ്രസാധകർ).

'ദജ്ജാലും' (Anti Christ) ആയിട്ടു കരുതിപ്പോരുന്നു. എന്നാലും ഹിന്ദുക്കൾ ഞാനുമായി ഇങ്ങനെയൊരു ഉടമ്പടി ചെയ്യുന്നപക്ഷം ഇതര മുസ്‌ലിംകൾ ഇത്ര മര്യാദയുള്ള ഒരു ജാതിക്കാരുടെ മത ഗ്രന്ഥത്തേയും ഋഷിമാരേയും നിന്ദിച്ചു പകരം അവരെക്കൊണ്ട് നബി(സ)തിരുമേനിയെ ചീത്തപ്പെടുത്തുമാറ് അവിവേകം പ്രവർത്തിക്കുകയില്ലെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. അഥവാ മുസ്‌ലിംകൾ അങ്ങനെ പ്രവർത്തിക്കുന്നപക്ഷം അതിനു പ്രതികാരമായുണ്ടാകുന്ന ചീത്തവാക്കുകൾക്കും ശകാരങ്ങൾക്കും അവർതന്നെയാണ് ഉത്തരവാദികളായിരിക്കുക. ഏതു നിലയിലും അത്തരം പ്രവൃത്തി അഭിമാനത്തിനും മര്യാദയ്ക്കും ചേരാത്തതായതുകൊണ്ട് പ്രസ്തുത ഉടമ്പടിക്കു ശേഷം ഇതര മുസ്‌ലിംകൾ ഹിന്ദുക്കളുടെ 'വേദ' ഗ്രന്ഥങ്ങളേയും ഋഷിമാരേയും നിന്ദിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ, ഈ സന്ധിയുടെ ഉറപ്പിനുവേണ്ടി ഇരുപക്ഷത്തുനിന്നും വിവേകികളായ പതിനായിരം പേർ വീതം അതിൽ ഒപ്പുവയ്ക്കേണ്ടതത്യാവശ്യമാകുന്നു.

പ്രിയ ജനങ്ങളേ! സമാധാനത്തെപ്പോലെ കാമ്യമായിട്ടു മറ്റൊന്നുമില്ല. വരുവിൻ! നമ്മൾ ഇരുകൂട്ടർക്കും ഈ ഉഭയസമ്മതം മുഖേന ഒന്നിക്കാം; ഒരു ജാതിയായിത്തീരാം. അന്യോന്യം പ്രവാചകന്മാരേയും മതഗ്രന്ഥങ്ങളേയും ആക്ഷേപിക്കമൂലം എത്ര മാത്രം ഛിദ്രവും വഴക്കുമാണ് ഉണ്ടായിത്തീർന്നിരിക്കുന്നതെന്നും രാജ്യത്തിന് എത്രമാത്രം നഷ്ടമാണ് സഹിക്കേണ്ടി വന്നിരിക്കുന്നതെന്നും നിങ്ങൾ കാണുന്നുണ്ടല്ലോ. വരുവിൻ! ഇനി അന്യോന്യം മതബോധങ്ങളെ വകവച്ചുകൊടുക്കുന്ന സഹിഷ്ണുതാശീലത്തിന്റെ അനുഗ്രഹഫലങ്ങളേയും ഒന്നു പരീക്ഷിച്ചുനോക്കുവിൻ! ഇതത്രെ പരസ്പരം സന്ധിക്കാനും മൈത്രീഭാവം പുലർത്താനുമുള്ള ഉത്തമമാർഗ്ഗം. ഇതല്ലാതെ മറ്റേതെങ്കിലും മാർഗ്ഗേണ മൈത്രി സ്ഥാപിക്കാമെന്ന് വിചാരിക്കുന്നത് ദുർഗന്ധമേറിയ ചലവും ദുഷ്ടും ഉള്ളിലടങ്ങിയ ഒരു പരുവിന്റെ ബാഹ്യമായ തിളക്കം കണ്ട് തൃപ്തി പ്പെടുന്നതിന് തുല്യമാകുന്നു.

## കോൺഗ്രസ്സും മുസ്ലിംലീഗും

ഈയ്യിടെയായി ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ അവിശ്വാസവും അനൈക്യവും ഛിദ്രവും വർദ്ധിച്ചുവന്നിരിക്കുന്നത് മതപരമായ വൈപരീത്യങ്ങൾ കാരണമായിട്ടു മാത്രമല്ല, അതിലേക്ക് രാഷ്ട്രീയമായ പ്രലോഭനങ്ങളും സ്ഥാനാഭിലാഷങ്ങളും കൂടെ കാരണമായിട്ടുണ്ടെന്ന് ഞാൻ പറയുന്നതിൽ എനിക്ക് സ്വാർത്ഥപരമായ യാതൊരു ഉദ്ദേശ്യവുമില്ല. ദൃഷ്ടാന്തമായി, ഹിന്ദുക്കൾ ആദ്യം മുതല്ക്കേ രാജ്യഭരണത്തിലും രാഷ്ട്രീയ കാര്യങ്ങളിലും തങ്ങൾക്ക് കൈകാര്യമുണ്ടായിരിക്കണമെന്നും ചുരുങ്ങിയപക്ഷം ഭരണകാര്യങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ ഗവർമ്മെന്റ് അന്വേഷിക്കേണ്ടതാണെന്നും തങ്ങളുടെ ആവലാതികളെല്ലാം ഗവർമ്മെന്റ് ശ്രദ്ധിക്കേണ്ടതാണെന്നും ഇംഗ്ലീഷുകാർക്കെന്നപോലെ തങ്ങൾക്കും ഭരണസംബന്ധമായി വലിയ വലിയ ഉദ്യോഗങ്ങൾ ലഭിക്കേണ്ടതാണെന്നും ആഗ്രഹമുള്ളവരാണ്. ഈ കാര്യസാദ്ധ്യത്തിന്നായിട്ടു ഹിന്ദുക്കൾ ചെയ്തുതുടങ്ങിയ പരിശ്രമങ്ങളിൽ മുസ്ലിംകൾ പങ്കെടുക്കാതെ അകന്നുനിന്നത് അബദ്ധമായിപ്പോയി*. തങ്ങൾ ഹിന്ദുക്കളെക്കാൾ എണ്ണത്തിൽ കുറഞ്ഞവരാണെന്നും അതിനാൽ ഈ പരിശ്രമങ്ങളുടെ ഗുണമെല്ലാം ഹിന്ദുക്കൾക്ക് മാത്രമായിരിക്കുമെന്ന് അവർ കരുതി. തന്മൂലം അവർ ആവക കാര്യങ്ങളിൽ പങ്കുചേരാതെ വേർപിരിഞ്ഞുനിന്നു എന്നു മാത്രമല്ല അവർ എതിര് പ്രവർത്തിച്ചുകൊണ്ട് ഹിന്ദുക്കളുടെ പരിശ്രമമാർഗ്ഗത്തിൽ തടസ്സക്കാരായിത്തീരുകയും ചെയ്തു. അതുമൂലം ഇരുകൂട്ടർക്കുമിടയിൽ നീരസം വർദ്ധിക്കുമാറായി. രാഷ്ട്രീയ കാരണങ്ങളാലുള്ള ഈ വിരസഭാവം ഇരുകൂട്ടർക്കും തമ്മിൽ ആദ്യമേയുള്ള വിദ്വേഷത്തിന് തീക്ഷ്ണത കൂട്ടുകതന്നെ ചെയ്തു.

---

* അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ കാലത്ത് ഇന്ത്യയിൽ സ്വാതന്ത്ര്യപ്രസ്ഥാനം ഭരണപങ്കാളിത്തത്തിനുള്ള അവകാശവാദത്തിന്റെ രൂപത്തിൽ മാത്രമേ പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. ഒരു രാഷ്ട്രീയപാർട്ടിയും ഒരു രാഷ്ട്രീയനേതാവും സ്വരാജ്യവാദംപോലും ഉന്നയിച്ചിട്ടുണ്ടായിരുന്നില്ല. ഭരണപങ്കാളിത്തത്തിന്റെ കാര്യത്തിൽ കോൺഗ്രസ്സും മുസ്ലിംലീഗും യോജിച്ചു പ്രവർത്തിക്കണമെന്നാണ് ഹദ്റത്ത് അഹ്മദ്(അ) നിർദ്ദേശിച്ചിരുന്നത്. 1908-ൽ ആ പുണ്യാത്മാവ് മരണശയ്യയിൽവച്ച്

രാഷ്ട്രീയമായ ഈ സംഗതി തന്നെയാണ് യഥാർത്ഥത്തിൽ പരസ്പര വൈരത്തിന് കാരണമെന്ന് ഞാൻ വിശ്വസിക്കുന്നേയില്ല. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ പരസ്പരമുള്ള വിദ്വേഷത്തിനും വിശ്വാസമില്ലായ്മയ്ക്കും കാരണം മതപരമായ കരാറുകളൊന്നുമല്ലെന്നും മറിച്ച്, രാഷ്ട്രീയമായ കിടമത്സരം മാത്രമാണെന്നും അഭിപ്രായപ്പെടുന്നവരോട് ഞാൻ യോജിക്കുന്നുമില്ല.

മുസ്‌ലിംകൾ തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്ന വിഷയത്തിൽ ഹിന്ദുക്കളോട് ചേർന്നു പ്രവർത്തിക്കാൻ ശങ്കിക്കുന്നതെന്തുകൊണ്ടാണെന്നത് ആർക്കും എളുപ്പം മനസ്സിലാക്കാവുന്ന ഒരു സംഗതിയാണ്. അവർ നാളിതുവരെ കോൺഗ്രസ്സിൽനിന്നു അകന്നുനില്ക്കുന്നതെന്തുകൊണ്ടാണ്? ഹിന്ദുക്കളുടെ രാഷ്ട്രീയമായ അഭിപ്രായസിദ്ധാന്തങ്ങൾ ശരിയെന്നു ധരിച്ചു അവരുടെ കാലടികളെ മുസ്‌ലിംകൾ പിന്തുടർന്നുവെങ്കിലും അവർ ഹിന്ദുക്കളിൽനിന്ന് വേറിട്ട് 'മുസ്‌ലിംലീഗ്' എന്ന പേരിൽ ഒരു പ്രത്യേക പാർട്ടി രൂപവൽക്കരിച്ചതിന്റെ രഹസ്യമെന്ത്? കോൺഗ്രസ്സ് ചെയ്യുന്ന തരത്തിലുള്ള പ്രവർത്തികൾ ചെയ്തുതുടങ്ങിയിട്ടും അവർ ഹിന്ദുക്കളുമായി സഹകരിക്കുവാൻ ഇഷ്ടപ്പെടാത്തതെന്തുകൊണ്ടായിരിക്കാം?

**മൂലകാരണം മതഭേദം**

മിത്രങ്ങളേ! ഇതിന്റെയെല്ലാം കാരണം മതപരമായതല്ലാതെ മറ്റൊന്നുമല്ല. ഇതേ ഹിന്ദുക്കൾ ഇന്നുതന്നെ "അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ല; മുഹമ്മദ് അവന്റെ തിരുദൂതനാകുന്നു" എന്ന സാക്ഷ്യവചനം ഉച്ചരിച്ചുകൊണ്ട് മുസ്‌ലിംകളെ ആശ്ലേഷിക്കുകയോ അഥവാ മുസ്‌ലിംകൾ ഇസ്‌ലാംമതമുപേക്ഷിച്ചു ഹിന്ദുക്കളായിത്തീർന്നു വേദോക്തപ്രകാരം അഗ്നി, വായ്വാദികളെ ആരാധിക്കുവാൻ തുടങ്ങുകയോ ചെയ്യുന്നപക്ഷം ഇപ്പോൾ രാഷ്ട്രത്തിന്റെ പേരിൽ പറയപ്പെടുന്ന വൈപരീത്യങ്ങളെല്ലാം അവ ഒരിക്കലും ഉണ്ടായിരുന്നിട്ടില്ലാത്തവിധം താനെ ഇല്ലാതാകുന്നതാണ്. ഇതിൽനിന്ന്, പരസ്പരവൈരത്തിന്റെയും അന്യോന്യവിദ്വേഷത്തിന്റെയും മൂലകാരണം വാസ്തവത്തിൽ മതവൈപ

രീത്യം തന്നെയാണെന്ന് മനസ്സിലാകുന്നു. ഈ മതവൈരുദ്ധ്യം മൂർദ്ധന്യത്തെ പ്രാപിച്ചപ്പോഴെല്ലാം അത് രക്തച്ചൊരിച്ചിലിന് കാരണമായിത്തീർന്നിട്ടുണ്ടെന്നത് ഒരു പരമാർത്ഥമാണ്.

അല്ലയോ മുസ്‌ലിംകളേ! നിങ്ങളുടെ മതഭേദം കാരണമായി ഹിന്ദുക്കൾ നിങ്ങളെ അന്യജാതിയായി കരുതിപ്പോരുന്നു. ഇതേ കാരണത്താൽത്തന്നെ നിങ്ങൾ അവരേയും ഒരു വ്യത്യസ്ത ജാതിയായി വിചാരിച്ചുവരുന്നു. ഈ വിപരീത ഭാവത്തിന് ശരിയായ ഒരു നിവാരണം കാണാതെ നിങ്ങൾക്കും അവർക്കും മദ്ധ്യേ യഥാർത്ഥവും സുസ്ഥിരവുമായ ഒരു സൗഹാർദ്ദഭാവം ഉണ്ടാകുന്നതെങ്ങനെ? ഇരുകൂട്ടരും അന്യോന്യം കാപട്യത്തോടുകൂടിയ ഒരു താല്ക്കാലിക മൈത്രി ഉണ്ടാക്കിയെന്നുവരാം. **എന്നാൽ, യഥാർത്ഥ മൈത്രി എന്നു പറയാവുന്ന മാനസൈക്യം ഉണ്ടായിത്തീരുന്നതു, നിങ്ങൾ 'വേദ'ത്തേയും ഋഷിമാരേയും ആത്മാർത്ഥമായി കൈക്കൊൾകയും അപ്രകാരംതന്നെ ഹിന്ദുക്കൾ തങ്ങളുടെ ഹ്രസ്വമനസ്ഥിതി ഉപേക്ഷിച്ച് നമ്മുടെ നബിനായകർ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ സത്യത്തെ സമ്മതിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്**. ഇതാകുന്നു നിങ്ങൾക്കും ഹിന്ദുക്കൾക്കുമിടയിൽ യഥാർത്ഥമായ ഐക്യവും സൗഹാർദ്ദവും ഉണ്ടായിത്തീരുന്നതിനുള്ള ഏകപദ്ധതിയെന്നും ഇതുതന്നെയാണ് ഹൃദയരോഗങ്ങളെ സുഖപ്പെടുത്തുന്നതിനുള്ള ഒരേയൊരു ദ്രാവകമെന്നും ധരിക്കുവിൻ! വേർപിരിഞ്ഞുകിടക്കുന്ന ഈ രണ്ട് സമുദായങ്ങളും തമ്മിൽ സന്ധിക്കുവാനുള്ള സമയം വന്നുവെങ്കിൽ, ഏതൊന്നിനായിട്ടു ദൈവം ഞങ്ങളുടെ ഹൃദയങ്ങളെ തുറന്നുതന്നിരിക്കുന്നുവോ അതിനായിട്ട് അവൻ ഇവരുടെ ഹൃദയങ്ങളേയും തുറന്നുകൊടുക്കുന്നതാണ്.

### സഹിഷ്ണുത

ഇതിനുംപുറമെ, നാം ഹൈന്ദവമിത്രങ്ങളുടെ നേരെ അനുകമ്പ കാണിക്കുകയും അവരോട് സഹതാപത്തോടും സ്നേഹഭാവത്തോടുംകൂടി പെരുമാറുകയും വേണ്ടതാണ്. അവർക്ക്

മനോവേദനയ്ക്ക് കാരണമാകാവുന്ന കാര്യങ്ങൾ നമ്മുടെ മതത്തിലെ നിർബന്ധകടമകളോ അവശ്യകർമ്മങ്ങളോ അല്ലെന്നുവരികിൽ അങ്ങനെയുള്ള കാര്യങ്ങളിൽനിന്ന് നമ്മൾ ഒഴിഞ്ഞു നില്ക്കേണ്ടതുമാകുന്നു. അതിനാൽ, ഹിന്ദുക്കൾ ആത്മാർത്ഥമായി നമ്മുടെ നബിതിരുമേനിയെ ഒരു സത്യപ്രവാചകനായി കൈക്കൊള്ളുകയും തിരുമേനിയിൽ വിശ്വസിക്കുന്നപക്ഷം ഗോവധം കാരണമായി ഇരുസമുദായക്കാരും തമ്മിലുണ്ടാകാറുള്ള ഛിദ്രവും ഇല്ലാതാക്കിത്തീർക്കേണ്ടതാണ്. മതം അനുവദിച്ചതായി കരുതുന്നതെല്ലാം നാം ഉപയോഗിച്ചേ കഴിയൂ എന്നു നിർബന്ധമില്ല. മതത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള സാധനങ്ങളിൽ നാമൊരിക്കലും ഉപയോഗിച്ചിട്ടില്ലാത്തവ വളരെ ഉണ്ടല്ലോ? **ഏകദൈവത്തിൽ വിശ്വസിക്കുക എന്നതുപോലെ തന്നെ സമസൃഷ്ടികളോട് അനുകമ്പയോടും സഹിഷ്ണുതാഭാവത്തോടും കൂടി വർത്തിക്കുക എന്നതും നമ്മുടെ മതത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഉപദേശമാകുന്നു**. അതിനാൽ, അത്യാവശ്യകവും ഗുണകരവുമായ ഒരു കാര്യത്തിനുവേണ്ടി അത്ര ആവശ്യകമല്ലാത്ത ഒന്നിനെ ഉപേക്ഷിക്കുക എന്നത് മതവിരോധമാകയില്ല. ഒരു കാര്യം മതത്തിൽ അനുവദനീയമെന്നു കരുതുന്നതും അതിനെ ഉപയോഗിക്കുക എന്നതും രണ്ടും വ്യത്യസ്ത കാര്യമാണ്. മതധർമ്മം എന്നാൽ, ദൈവം വിരോധിച്ച സംഗതികളിൽനിന്നെല്ലാം ഒഴിഞ്ഞുനില്ക്കുകയും അവന്റെ അഭീഷ്ടത്തെ തേടിനടക്കുകയും അവന്റെ സകലസൃഷ്ടികൾക്കും നന്മയും ഉപകാരവും ചെയ്യുകയും എല്ലാവരോടും അനുകമ്പ കാണിക്കുകയും ലോകത്തുവന്ന സർവ്വപ്രവാചകന്മാരും അതതുകാലത്തു മനുഷ്യരെ നന്നാക്കി തീർക്കുന്നതിനു എഴുന്നേല്പിക്കപ്പെട്ട ദിവ്യദൂതന്മാരും പരിഷ്കർത്താക്കളുമാണെന്ന് വിശ്വസിക്കുകയും അവരുടെ ഇടയിൽ വ്യത്യാസം കല്പിക്കാതിരിക്കുകയും എല്ലാ മനുഷ്യരോടും ദയാപൂർവ്വം പെരുമാറുകയും ചെയ്യുക എന്നതാകുന്നു. ഇതുതന്നെയാണ് ഇസ്‌ലാംമതത്തിന്റെ രത്നച്ചുരുക്കം. എന്നാൽ, നമ്മുടെ വന്ദ്യവന്ദ്യനായ നബിതിരുമേനിയെ ദൈവഭയലേശമെന്യേ അന്യായമായ നിലയിൽ നിന്ദിച്ചുപറയുകയും അധിക്ഷേപിക്കു

കയും തിരുമേനിയുടെ പേരിൽ അശുദ്ധമായ കുറ്റങ്ങളാരോപിക്കുകയും ചെയ്യുന്നവരുമായി ഞങ്ങൾ എങ്ങനെയാണ് മൈത്രിയുണ്ടാക്കേണ്ടത്? **ഞാൻ സത്യമായും നിങ്ങളോട് പറയുന്നു: മരുഭൂമിയിലെ സർപ്പങ്ങളുമായും കാട്ടിലെ ചെന്നായ്ക്കളുമായും ഞങ്ങൾക്ക് ഐക്യഭാവത്തിലും സൗഹാർദ്ദത്തിലും വർത്തിക്കുവാൻ സാധിക്കുന്നതായാലും, ഞങ്ങളുടെ ജീവനെക്കാളും മാതാപിതാക്കളെക്കാളും ഏറ്റവും പ്രിയപ്പെട്ട പരിശുദ്ധ നബി(സ) തിരുമേനിയുടെ പേരിൽ ദുഷ്യാരോപണം ചെയ്യുന്നവരുമായിട്ട് ഞങ്ങൾക്ക് മൈത്രിയിൽ കഴിഞ്ഞുകൂടുക അസാധ്യമാണ്! ദൈവം ഞങ്ങളെ ഇസ്ലാമിൽ തന്നെ മൃതിയടയുവാൻ അനുഗ്രഹിക്കുമാറാകട്ടെ! ഞങ്ങൾ മതവിശ്വാസത്തിന്നെതിരായി യാതൊന്നും ചെയ്യുവാൻ ഒരുക്കമില്ല.**

### പ്രതിപക്ഷ ബഹുമാനം

ഞാൻ ഈ അവസരത്തിൽ ഏതെങ്കിലുമൊരു പ്രത്യേക സമുദായത്തെ കുറ്റപ്പെടുത്തുവാൻ ഉദ്ദേശിക്കുകയോ ആരെയെങ്കിലും വേദനിപ്പിക്കുവാൻ വിചാരിക്കുകയോ ചെയ്യുന്നില്ല. എന്നാൽ, ഇസ്ലാമിന്റെയും വിശുദ്ധഖുർആന്റെയും നേർക്ക് വലിയ അന്യായം ചെയ്യപ്പെട്ടിരിക്കുന്നുവെന്ന് ഹൃദയവേദനയോടുകൂടി ഞാൻ ഇവിടെ പ്രസ്താവിക്കേണ്ടിവന്നിരിക്കുന്നു. **ഇസ്ലാം യാതൊരു സമുദായത്തിന്റെ മതനേതാക്കന്മാരേയും ഒരിക്കലും അധിക്ഷേപിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാത്ത ഒരു പരിശുദ്ധമതമാകുന്നു.** വിശുദ്ധഖുർആൻ എല്ലാ ജാതിക്കാരുടെയും പ്രവാചകന്മാരെ അംഗീകരിച്ചുകൊണ്ട് വിവിധ ജാതികളുടെയും സമുദായങ്ങളുടെയും ഇടയിൽ സമാധാനത്തിന്റെയും സൗഹാർദ്ദത്തിന്റെയും അടിസ്ഥാനമിട്ടുതന്നിരിക്കുന്ന ഒരു പവിത്രഗ്രന്ഥവുമാണ്. ലോകത്തിലെ മതഗ്രന്ഥങ്ങളിൽവച്ചു ഖുർആനു മാത്രമേ ഈ സൗഭാഗ്യം സിദ്ധിച്ചിട്ടുള്ളൂ. പൊതുവെ പ്രവാചകന്മാരെപ്പറ്റി ആ വിശുദ്ധഗ്രന്ഥം ഇപ്രകാരമാണ് പഠിപ്പിച്ചിരിക്കുന്നത്.

لَا نُفَرِّقُ بَيْنَ أَحَدٍ مِّنْهُمْ وَنَحْنُ لَهُ مُسْلِمُونَ

"അല്ലയോ വിശ്വാസികളേ! പറയുവിൻ, ഞങ്ങൾ ലോകത്തുണ്ടായ സകല പ്രവാചകന്മാരിലും വിശ്വസിക്കുന്നു, ചിലരെ വിശ്വസിക്കുകയും മറ്റു ചിലരെ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നതരത്തിൽ അവരിലാരെ സംബന്ധിച്ചും വ്യത്യാസം ഭാവിക്കുന്നില്ല" (2:137, 3:83).

ഇങ്ങനെ സമാധാനം പുലർത്തുന്ന ഉപദേശത്തോടുകൂടിയ മറ്റു വല്ല ദൈവികഗ്രന്ഥവും ലോകത്തുണ്ടെങ്കിൽ അതിന്റെ പേരു പറയുവിൻ. സർവ്വദാതാവായ ദൈവത്തിന്റെ കൃപാവിതരണം യാതൊരു ഗോത്രത്തിനും വർഗ്ഗത്തിനും പ്രത്യേകമായുള്ളതാണെന്ന് വിശുദ്ധഖുർആൻ പറയുന്നില്ല. ഇസ്റായീൽ ഗോത്രത്തിലുണ്ടായ യഅ്ഖൂബ്, ഇസ്ഹാഖ്, മൂസാ, ദാവൂദ്, ഈസാ മുതലായ പ്രവാചകന്മാരെല്ലാവരേയും അതംഗീകരിച്ചു. പേർഷ്യയിലോ ഇന്ത്യയിലോ മറ്റേതെങ്കിലും രാജ്യത്തിലോ ഉണ്ടായ ഒരു പ്രവാചകനേയും വ്യാജവാദിയെന്നോ കപടക്കാരനെന്നോ അത് പറഞ്ഞില്ല. മറിച്ചു, എല്ലാ രാജ്യത്തിലും സമുദായത്തിലും പ്രവാചകന്മാരുണ്ടായിട്ടുള്ളതായി സുവ്യക്തം പ്രസ്താവിച്ചുകൊണ്ട് സകല സമുദായങ്ങളുടെയും ഇടയിൽ സമാധാനവും സൗഹാർദ്ദവും പുലർത്തുന്നതിനുള്ള അസ്തിവാരത്തെ അതുറപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ, സമാധാനത്തിന്റെ സന്ദേശവാഹകനായ ആ പ്രവാചകർ തിരുമേനി(സ)യെ ഇതര ജാതിക്കാർ അകാരണമായി ശകാരിക്കുകയും അധിക്ഷേപിക്കുകയും നിന്ദിച്ചുപറയുകയും ചെയ്യുന്നത് ഹാ! എത്ര മർമ്മഭേധകമായിട്ടുള്ളതാണ്!!

അല്ലയോ പ്രിയപ്പെട്ട നാട്ടുകാരേ! ഞാൻ ഇത്രയും നിങ്ങളോട് പറഞ്ഞത് നിങ്ങളെ വേദനിപ്പിക്കുന്നതിനോ നിങ്ങളുടെ മനോവികാരങ്ങളെ ക്ഷതപ്പെടുത്തുന്നതിനോ ആയിട്ടല്ല; സദ്വിചാരത്തോടുകൂടി നിങ്ങളെ ഒരു സംഗതി ബോധ്യപ്പെടുത്തുന്നതിന്നായിട്ടാകുന്നു. അതായത്, ഇതര സമുദായക്കാരുടെ പ്രവാചകന്മാരെ ശകാരിക്കുന്നതും അധിക്ഷേപിക്കുന്നതും ഒരു ശീലമാക്കുകയും ഈ ദുസ്സമ്പ്രദായത്തെ തങ്ങളുടെ മതത്തിന്റെ വിഭാഗമെന്നോണം കൈക്കൊള്ളുകയും ചെയ്തിരിക്കുന്ന ഏതൊരു

സമുദായക്കാരും യാതൊരു തെളിവും കൂടാതെയുള്ള അവരുടെ ഈ അന്യായമായ കൈകാര്യം നിമിത്തം ദൈവദൃഷ്ടിയിൽ പാപികളായിത്തീരുന്നു. തന്നെയുമല്ല, അവർ സമുദായങ്ങൾക്കിടയിൽ വിരോധത്തിന്റെയും വിദ്വേഷത്തിന്റെയും ബീജാവാപം ചെയ്യുന്നുവെന്ന കുറ്റത്തിനുകൂടി പാത്രമായിത്തീരുന്നു. ഒരാൾ മറ്റൊരാളുടെ അച്ഛനെ ചീത്തപറയുകയോ അമ്മയുടെ പേരിൽ അപവാദം പറയുകയോ ചെയ്യുന്നപക്ഷം അയാൾ യഥാർത്ഥത്തിൽ തന്റെ സ്വന്തം മാതാപിതാക്കളുടെ മാനത്തിന് ക്ഷതം വരുത്തുകയല്ലേ ചെയ്യുന്നത് എന്ന് നിങ്ങൾ ആലോചിച്ചു പറയുവിൻ! ഏതൊരാളെ ഇപ്രകാരം ശകാരിക്കുകയും ചീത്തപറയുകയും ചെയ്തുവോ അയാൾ അതിനുപകരമായി മറ്റേയാൾക്കും അതേ ഭാഷയിലുള്ള ചീത്തവാക്കുകൾ കേൾപ്പിക്കുകയാണെങ്കിൽ ഈ ചീത്തകൾക്ക് യഥാർത്ഥത്തിൽ കാരണഭൂതൻ ആദ്യം ചീത്തപറഞ്ഞവനാണെന്നല്ലേ നാം പറയുക? ഈ നിലക്ക് തന്റെ മാതാപിതാക്കന്മാരുടെ മാനത്തിന്റെ ശത്രുവും അയാൾ തന്നെയായിരിക്കുമല്ലോ!

**പരസ്പരാദരം**

ദൈവം വിശുദ്ധഖുർആനിൽ പ്രതിപക്ഷ ബഹുമാനത്തെയും അന്യാദരഭാവത്തെയും കുറിച്ച് പ്രബോധിച്ചിരിക്കുന്നു. അവൻ പറയുന്നു

وَلَا تَسُبُّوا الَّذِيْنَ يَدْعُوْنَ مِنْ دُوْنِ اللّٰهِ
فَيَسُبُّوا اللّٰهَ عَدْوًا بِغَيْرِ عِلْمٍ

"ബിംബാരാധനക്കാർ ദൈവത്തെക്കൂടാതെ വിളിക്കുന്ന അവരുടെ വിഗ്രഹങ്ങളെപ്പോലും നിങ്ങൾ അധിക്ഷേപിച്ചു പറയരുത്. എന്തെന്നാൽ, അവർ നിങ്ങളുടെ ദൈവത്തെക്കുറിച്ച് അറിയായ്ക കൊണ്ട് അവനെ പകരം ശകാരിക്കുന്നതാണ്" (6:109).

വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ച് വിഗ്രഹങ്ങൾ യാതൊരു വിലയും നിലയുമില്ലാത്തവയായിരുന്നിട്ടും അവയെ

ക്കുറിച്ചുപോലും അധിക്ഷേപിച്ച് പറയരുതെന്ന് പ്രസ്തുത വാക്യത്തിൽ ശാസിച്ചുകൊണ്ട് ബിംബാരാധനയെക്കുറിച്ച് ഗുണദോഷിക്കുന്നതും മൃദുലമായ രീതിയിലായിരിക്കണ മെന്നും അല്ലാത്തപക്ഷം തദാരാധകന്മാർ ക്ഷുഭിതരായി സാക്ഷാൽ ദൈവത്തെത്തന്നെ ശകാരിക്കുന്നതിനും ആ ചീത്ത കൾക്ക് തങ്ങൾ കാരണക്കാരാകുന്നതിനും ഇടവരുമെന്നും മുസ്ലിംകളെ ദൈവം ഉദ്ബോധിപ്പിക്കുകയാണ് ചെയ്തിരി ക്കുന്നത്. ഇത്രയും വിശിഷ്ടമായ ഉപദേശം നല്കിയിരിക്കുന്ന ഇസ്ലാമിന്റെ ആ മഹനീയപ്രവാചകരെ ശകാരിക്കുകയും നിന്ദിച്ചുപറയുകയും ദുഷ്കീർത്തിപ്പെടുത്തുകയും അസഭ്യ മായ തരത്തിൽ അധിക്ഷേപിക്കുകയും ചെയ്യുന്ന കൂട്ടരുടെ സ്ഥിതി എന്തൊരു സ്ഥിതിയാണ്! ഏതൊരാളുടെ പേര് കേൾക്കുമ്പോൾ ഇസ്ലാമിലെ മഹാചക്രവർത്തിമാർപോലും സിംഹാസനങ്ങളിൽനിന്ന് എഴുന്നേല്ക്കുകയും ഏതൊരാളുടെ ശാസനകൾക്കു അവർ തലചായ്ക്കുകയും ഏതൊരാളുടെ എളിയ ദാസരായി സ്വയം പരിഗണിക്കുന്നതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നുവോ അങ്ങനെയുള്ള ഒരു മഹാത്മാ വാണ് വന്ദ്യവന്ദ്യനായ നബി(സ). ഈ ബഹുമാനവും ആദ രവും ദൈവത്തിൽനിന്നുള്ള ഒരു സൗഭാഗ്യമല്ലേ? ഇങ്ങനെ ദൈവത്താൽ ബഹുമാനിതനായ ആ പുണ്യാത്മാവിനെ നിന്ദി ച്ചുപറയുക എന്നത് ദൈവത്തോട് പോരിനു പുറപ്പെടുന്നവരുടെ പ്രവർത്തിയാകുന്നു. ഏതൊരു പുണ്യാത്മാവിന്റെ സത്യ ത്തേയും മഹത്ത്വത്തേയും വെളിപ്പെടുന്നതിനായിട്ടു ദൈവം ലോകത്തിന് മഹത്തരങ്ങളായ ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊടു ത്തുവോ അങ്ങനെയുള്ള ശ്രേഷ്ഠപ്രവാചകനാണ് മുഹമ്മദ് മുസ്തഫാ(സ). ഇരുപതുകോടി മനുഷ്യരെ ആ തിരുമേനിയുടെ ആസ്ഥാനത്തിങ്കൽ നമ്രശിരസ്സുകളാക്കിയിരിക്കുന്നത് ദൈവ ത്തിന്റെ കൈവേലയല്ലേ? എല്ലാ പ്രവാചകന്മാർക്കും താന്താങ്ങ ളുടെ ദൗത്യത്തിനു കുറേയൊക്കെ സത്യസാക്ഷ്യങ്ങളുണ്ടായി രുന്നു. എന്നാൽ, വിശുദ്ധനബിതിരുമേനിയുടെ ദൗത്യത്തിനു സാക്ഷ്യമായി ലോകത്ത് പ്രത്യക്ഷമായിട്ടുള്ളതും പ്രത്യക്ഷമാ യിക്കൊണ്ടിരിക്കുന്നതുമായ ലക്ഷ്യങ്ങൾ മറ്റൊരു പ്രവാചക

നിലും ഈ ദൃഷ്ടാന്തങ്ങൾ കണ്ടെത്താനാവാത്തവിധം നിസ്തുല്യമായവയാണ്.

**കാലത്തിന്റെ സാക്ഷ്യം**

ലോകം പാപവും അധർമ്മവുംകൊണ്ട് ദുഷിച്ചുപോകുകയും അക്രമവും ദുർവൃത്തിയും പ്രബലപ്പെടുകയും സൽകർമ്മങ്ങൾ ക്ഷയിക്കുകയും ചെയ്യുമ്പോൾ ഈ ദുസ്ഥിതിക്ക് പരിഹാരം കാണുന്നതിനും തദ്വാര ലോകത്തെ ഉദ്ധരിക്കുന്നതിനുമായിട്ട് തന്റെ വരിഷ്ഠദാസനെ എഴുന്നേല്പിക്കാൻ കരുണാനിധിയായ ദൈവം കനിയുമാറാകുന്നു. ആദ്ധ്യാത്മിക രോഗം വർദ്ധിച്ചുവരുമ്പോൾ ഒരാത്മീയ ഭിഷഗ്വരന്റെ ആവിർഭാവം അത്യാന്താവശ്യമായിത്തീരുന്നു. ഈ ന്യായം ഹിന്ദുക്കൾക്ക് മനസ്സിലാക്കാൻ സാധിക്കാത്തതല്ല. മറിച്ച്, അവർക്ക് ഈ സംഗതി മറ്റുള്ളവരേക്കാളധികം നന്നായിട്ട് മനസ്സിലാക്കാൻ കഴിയേണ്ടതാണ്. എന്തെന്നാൽ, ലോകം അധർമ്മവ്യാപ്തമായിരുന്ന കാലത്തല്ല, പാപരഹിതമായിരുന്ന കാലത്താണ് 'വേദം' വെളിപ്പെടുകയുണ്ടായതെന്നത്രെ അവർ വിശ്വസിച്ചുപോരുന്നത്. പാപം തീരെ തീണ്ടാത്ത ഒരു കാലത്തു ലോകത്തിന് ഇങ്ങനെ മാർഗ്ഗദർശനം നല്കിയ ദൈവം, സർവ്വത്ര പാപം ആധിപത്യം നടത്തിക്കൊണ്ടിരുന്ന ഒരു കാലത്തു ഒരു പ്രവാചകനെ തീർച്ചയായും എഴുന്നേല്പിച്ചിരിക്കണം എന്ന് വിശ്വസിക്കുന്നത് യുക്തിപൂർവ്വമായതല്ലേ? നബി(സ) തിരുമേനി ദിവ്യദൗത്യം കൊണ്ട് അനുഗൃഹീതനായി ഭവിച്ച ആ കാലത്ത് അധർമ്മവും അവിശ്വാസവും വ്യാപിക്കാത്ത ഒരു രാജ്യവും ബാക്കിയായിരുന്നില്ല. അത്രയ്ക്ക് ലോകമാസകലം അന്ധകാരമയമായിച്ചമഞ്ഞിരുന്നു എന്നത് ഒരു ചരിത്ര പരമാർത്ഥമാണ്. ഇതിനെക്കുറിച്ച് അറിയാത്തവർ നിങ്ങളുടെയിടയിൽ ഉണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ വസ്തുതയെ ശ്രീ പണ്ഡിറ്റ് ദയാനന്ദ് പോലും സമ്മതിച്ചിട്ടുണ്ട്. അന്നു ആര്യാവർത്തത്തിൽത്തന്നെയും ദൈവാരാധനയ്ക്ക് പകരം വിഗ്രഹപൂജ സ്ഥലം പിടിക്കുകയും വൈദികമതത്തിൽ വളരെയൊക്കെ ദൂഷ്യങ്ങൾ കടന്നുകൂടുകയും ചെയ്തിരുന്നതായിട്ട് അദ്ദേഹം തന്റെ 'സത്യാർത്ഥ

പ്രകാശ'ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

നബിതിരുമേനിയുടെ ആവിർഭാവകാലത്തെ അധർമ്മവ്യാപ്തിയെക്കുറിച്ച് ഒരു വലിയ ക്രിസ്തുമതപക്ഷവാദിയും യൂറോപ്യൻ മിഷണറിയുമായ പാതിരി ഫെണ്ടർ (Rev. Dr. Pfender) കൂടി സാക്ഷ്യം വഹിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ 'മീസാനുൽ ഹഖ്' എന്ന പുസ്തകത്തിൽ, അക്കാലത്ത് എല്ലാ ജാതികളിലുംവെച്ച് ഏറ്റവുമധികം ദുഷിച്ചുപോയവർ ക്രിസ്തീയരായിരുന്നു. അവരുടെ അധാർമ്മിക ജീവിതവും സദാചാരഭ്രംശവും ക്രിസ്തുമതത്തിനുതന്നെ കളങ്കകരവും അപമാനഹേതുകവുമായ തരത്തിലായിരുന്നുവെന്നും ഏറ്റുപറഞ്ഞിരിക്കുന്നു. വിശുദ്ധഖുർആൻ അതിന്റെ അവതരണത്തിന്റെ ആവശ്യകതയെ ഇങ്ങനെ വ്യക്തമാക്കുന്നു.

ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ

"കരയും കടലും ഒരുപോലെ അധർമ്മവ്യാപ്തമായിരിക്കുന്നു" (30:42).

ഈ വാക്യത്തിൽനിന്നു കിരാതാവസ്ഥയിലുള്ള ജാതിക്കാരായാലും പരിഷ്കൃതരെന്ന് സ്വയം അഭിമാനിക്കുന്ന വർഗ്ഗക്കാരായാലും ശരി, അവരെല്ലാവരും അക്കാലത്ത് ദുഷിച്ചുപോയിരുന്നുവെന്ന് മനസ്സിലാകുന്നു.

ഈ തെളിവുകൾകൊണ്ടെല്ലാം സ്പഷ്ടമാകുന്നത് നബിതിരുമേനിയുടെ കാലത്തെ ജനത അവർ പൗരസ്ത്യരായാലും പാശ്ചാത്യരായാലും ആര്യാവർത്തത്തിലുള്ളവരായാലും അറേബ്യയിലെ മണലാരണ്യവാസികളായാലും ദ്വീപുകളിൽ വസിക്കുന്നവരായാലും വേണ്ടില്ല, എല്ലാവരും ധാർമ്മികനിലയിൽ അധഃപതിച്ചുപോയിരുന്നുവെന്നും അവരേവർക്കും ദൈവവുമായുള്ള ബന്ധം നഷ്ടമായിപ്പോയിരുന്നുവെന്നുമാണ്. ഇങ്ങനെ അധർമ്മം അന്ന് ഭൂമുഖത്തെ അശുദ്ധമാക്കിത്തീർത്തിരുന്നു. അന്ധകാരാവൃതമായ ആ കാലഘട്ടം തീർച്ചയായും ഒരു മഹനീയ പ്രവാചകൻ ആവിർഭവിക്കേണ്ട ഒരു കാലംതന്നെയായി

രുന്നുവെന്ന് ചിന്തിക്കുന്ന മനുഷ്യന് മനസ്സിലാക്കാൻ കഴിയാത്തതാണോ?

### നബി(സ)തിരുമേനി വരുത്തിയ പരിവർത്തനം

ഇനി, ഈ പ്രവാചകൻ വന്നു ലോകത്ത് എന്തു പരിവർത്തനമാണ് സാധിച്ചതെന്ന് ഒരു ചോദ്യമുണ്ടാകാം. ഈ ചോദ്യത്തിന് ഉത്തരമായി നബി(സ) തിരുമേനി ലോകത്തുവരുത്തിയ മഹത്തരമായ ആ പരിവർത്തനത്തെക്കുറിച്ച് ഒരു മുസ്‌ലിമിന് ലക്ഷ്യസഹിതം പ്രസ്താവിക്കാൻ സാധിക്കുന്നതുപോലെ ഒരു ക്രിസ്തീയനോ യഹൂദനോ ആര്യാധർമ്മിക്കോ തന്റെ പ്രവാചകർ സാധിച്ച കാര്യത്തെക്കുറിച്ച് പറയാൻ കഴിയുകയില്ലെന്ന് ഞാൻ ഉച്ചൈസ്തരം പറഞ്ഞുകൊള്ളട്ടെ.

അറബികളെ ഉദ്ധരിക്കുക എന്നതായിരുന്നു നബി(സ)തിരുമേനിയുടെ പ്രഥമലക്ഷ്യം. മനുഷ്യരെന്നു പറയുവാൻ പ്രയാസമാകുമാറുള്ളതരത്തിൽ അവരന്ന് അങ്ങേയറ്റം ദുഷിച്ചുപോയിരുന്നു. അവരിൽ കാണാതിരുന്ന ഒരു ദുഷ്കർമ്മമോ അവരുടെ ഇടയിൽ നടപ്പില്ലാതിരുന്ന ഒരു ദുരാചാരമോ ഉണ്ടായിരുന്നില്ലെന്നുവേണം പറവാൻ. മോഷണവും, കവർച്ചയും അവരുടെ തൊഴിലായിരുന്നു. നിരപരാധികളെ കൊല്ലുക എന്നത് അവരുടെ പക്കൽ കൃമികീടങ്ങളെ കാലുകൊണ്ടുരച്ചുകളയുന്നതിന് തുല്യം നിസ്സാരകാര്യമായിരുന്നു. അവർ അനാഥക്കുട്ടികളെ കൊന്ന് മുതൽ അപഹരിച്ചെടുക്കുകയും സ്വന്തം കന്യകളെ ജീവനോടെ കുഴിച്ചുമൂടിക്കളയുകയും ചെയ്തിരുന്നു. വ്യഭിചാരത്തെക്കുറിച്ച് അവർ അഭിമാനംകൊള്ളുകയും തങ്ങളുടെ കവിതകളിൽ അത്തരം അശ്ലീലകാര്യങ്ങളെക്കുറിച്ച് പ്രസ്താവിക്കുകയും ചെയ്തുപോന്നു. ഒരു കുടുംബവും മദ്യപാനത്തിൽനിന്ന് ഒഴിഞ്ഞുപോകാതിരിക്കുമാറ് അത്രയധികം ഈ ദുശ്ശീലം അവരുടെയിടയിൽ പ്രബലപ്പെട്ടിരുന്നു. ചൂതാട്ടത്തിൽ അവർ മറ്റേത് രാജ്യക്കാരേയും മുന്നിട്ടുനിന്നിരുന്നു. ചുരുക്കത്തിൽ, അവർ മൃഗങ്ങളേക്കാൾ നികൃഷ്ടതരക്കാരായിത്തീർന്നിരുന്നു. എന്നല്ല, സർപ്പങ്ങൾക്കും ചെന്നായ്ക്കൾക്കും കൂടി കളങ്കകരമായിരിക്കുമാറ് അവരുടെ ജീവിതം അത്രയ്ക്ക് ദുഷിച്ചുപോയിരുന്നു. ഇങ്ങനെ

യുള്ള അറബികളെ നന്നാക്കിത്തീർക്കുവാനായിട്ട് നബി(സ) തിരുമേനി ഉദ്യുക്തനായി. അദ്ദേഹം തന്റെ ആത്മീയപ്രഭാവത്താൽ അവർക്ക് സംസ്കാരവും നവചൈതന്യവും പ്രദാനം ചെയ്തു. അവരെ പരിശുദ്ധരാക്കിത്തീർക്കാൻ പരിശ്രമിച്ചപ്പോൾ അല്പകാലംകൊണ്ട് അവരിൽ മഹത്തായൊരു പരിവർത്തനം ഉണ്ടായിവന്നു. അവർ പ്രാകൃതാവസ്ഥയിൽനിന്ന് മനുഷ്യരായി മാറുകയും പിന്നെ സഭ്യമനുഷ്യരായും ദൈവഭക്തരായും അഭിവൃദ്ധിപ്രാപിക്കുകയും ചെയ്തു. ഒടുവിൽ ദൈവമാർഗ്ഗത്തിൽ ഏതുവിധ മർദ്ദനങ്ങളും സഹിക്കുവാൻ പ്രാപ്തരാകുമാറുള്ള തരത്തിൽ അവർ ദൈവാനുരാഗത്തിൽ നിമഗ്നരായി ഭവിച്ചു. നാനാപ്രകാരേണയുള്ള യാതനകൾക്ക് അവർ വിധേയരായിത്തീർന്നു. ചാട്ടവാറുകൾകൊണ്ട് അതിദാരുണമായ നിലയിൽ അവർ പ്രഹരിക്കപ്പെടുകയും ചുട്ടുപഴുത്ത മണലിൽക്കൂടെ വലിച്ചിഴയ്ക്കപ്പെടുകയും മരിക്കാറാവോളം പട്ടണിക്കിരയാക്കപ്പെടുകയും ചെയ്തു. എന്നാൽ, ഇത്തരം ഏത് ആപൽഘട്ടത്തിലും അവർ അചഞ്ചലരായി ദൈവപാതയിൽ മുന്നേറിക്കൊണ്ടുതന്നെ പോയി. പലരുടെയും കുഞ്ഞുകുട്ടികൾ അവരുടെ കണ്മുമ്പിൽവച്ച് വധിക്കപ്പെടുകയും അനേകർ അവരുടെ ഓമനസന്താനങ്ങൾ കാൺകെ കഴുവേറ്റപ്പെടുകയും ചെയ്തു. ഇങ്ങനെ കഠിനയാതനകളാൽ പീഡിതരായപ്പോൾ അവർ അചഞ്ചലരായി സ്വജീവനെ ദൈവമാർഗ്ഗത്തിൽ ബലിയർപ്പിക്കുകതന്നെ ചെയ്തു. ഈ സംഭവങ്ങളെക്കുറിച്ച് ഓർമ്മിക്കുമ്പോൾ കണ്ണുകൾ നിറയുന്നു. അവർ ഇപ്രകാരം ഇസ്ലാമിലേക്ക് ആകൃഷ്ടരായി ഭവിക്കുമാറ് അവരുടെ ഹൃദയങ്ങളെ അത്രയ്ക്കും സ്വാധീനിച്ചത് എതൊരു ശക്തിയായിരുന്നു? മക്കായിലെ തെരുവീഥികളിൽ ഏകാകിയായി സഞ്ചരിച്ചിരുന്ന ആ നിസ്വനും നിസ്സഹായനുമായ വ്യക്തിയുടെ ചരണങ്ങളിൽ സ്വയം അർപ്പിക്കുവാൻ പ്രേരിതമായിത്തീരുമാറ് ആശ്ചര്യകരമായ പരിവർത്തനം അവരിൽ ഉണ്ടാക്കിത്തീർന്ന ആ ശക്തിവിശേഷം ഏതൊന്നായിരുന്നു? അത്, നബി(സ) തിരുമേനിയിൽ പ്രസരിച്ചിരുന്ന ആദ്ധ്യാത്മപ്രഭാവവും ദൈവികശക്തിയുമല്ലാതെ മറ്റൊന്നുമായിരുന്നില്ല. അതെ, ആത്മീയമായൊരു കാന്തശക്തി തന്നെയാണ്

അവരെ ആ അധഃപതന മഹാഗർത്തത്തിൽനിന്ന് കരേറ്റി ആദ്ധ്യാത്മികൗന്നിത്യത്തിലേക്ക് ഉയർത്തിക്കൊണ്ടുപോയത്.

ഇസ്‌ലാംമതം സ്വീകരിക്കുന്നതിനു മുമ്പേ അവരിൽ അധികംപേരും നബി(സ) തിരുമേനിയുടെ ബദ്ധവൈരികളും രക്തപ്രിയരുമായിരുന്നുവെന്നത് ആശ്ചര്യാവഹമായ ഒരു വസ്തുതയാണ്. ദീനദരിദ്രനായ ഒരു ഏകവ്യക്തി, അവരുടെ ഹൃദയങ്ങളിൽനിന്ന് പകയും വിരോധവും സർവ്വഥാ തുടച്ചുനീക്കി അവരെ തങ്കലേക്ക് ആകർഷിക്കുകയും ഇങ്ങേയറ്റം അവർ തങ്ങളുടെ മികച്ച വസ്ത്രങ്ങൾ വലിച്ചെറിഞ്ഞ് പരുക്കൻ ഉടുപ്പുകൾ ധരിച്ചുകൊണ്ട് സേവകഭാവത്തിൽ തന്റെ മുമ്പിൽ ഹാജരാകുമാറുള്ളതരത്തിൽ അവരെ സ്വാധീനിക്കുകയും ചെയ്തുവെന്നത് അത്യത്ഭുതകരമായ സംഗതി തന്നെയാണ്. ഇതിലും വലുതായ ഒരത്ഭുതദൃഷ്ടാന്തം വേറെയുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല.

## ഇസ്‌ലാമും മതയുദ്ധവും

ഇസ്‌ലാമും മതകീയയുദ്ധത്തിനു തദനുയായികളോടു ശാസിക്കുന്നു എന്നൊരു കുറ്റം വിചാരശൂന്യരായ ചിലർ അതിന്റെ പേരിൽ ആരോപിക്കുന്നുണ്ട്. അവർ വിചാരിക്കുന്നത് ഈ ആളുകളെല്ലാം ബലാൽക്കാരേണ വാളാൽ ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളവരായിരുന്നു എന്നാണ്. ഹാ, കഷ്ടം! ഇസ്‌ലാമിന്റെ നേർക്ക് അനീതി പ്രവർത്തിക്കുന്നതിലും അതിന്റെ സത്യത്തെ മറച്ചുവെക്കുന്നതിലും ഇക്കൂട്ടർ അതിരുകടന്നിരിക്കുന്നു. യാഥാർത്ഥ്യങ്ങളുടെനേർക്ക് ഇങ്ങനെ കണ്ണടച്ചുകളയുവാൻ ഇവർക്കു എന്തുപറ്റിപ്പോയി! പരിശുദ്ധ നബി തിരുമേനി(സ) ഒരു സമ്രാട്ടിന്റെ നിലയിലല്ല അറേബ്യയിൽ ആവിർഭവിച്ചിരുന്നത്. അദ്ദേഹത്തിനു രാജോചിതമായ ശക്തിയും പ്രതാപവും ഉണ്ടായിരുന്നതിനാലാണ് ജനസഞ്ചയങ്ങൾ ജീവരക്ഷാർത്ഥം അദ്ദേഹത്തിന്റെ കൊടിക്കീഴിൽ ശരണാഗതരായതു എന്നു ആർക്കും പറയാനാവില്ല. എന്തെന്നാൽ, അദ്ദേഹം ദരിദ്രനും നിസ്സഹായനും ഏകാകിയുമായിരുന്ന അവസ്ഥയിലാണ് ദിവ്യദൗത്യം വാദിക്കുകയും ഏകദൈവസിദ്ധാന്തം

പ്രബോധിക്കുകയും ചെയ്തുതുടങ്ങിയത്. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കാൻ ജനങ്ങളെ നിർബന്ധിക്കുന്നതിനു അദ്ദേഹത്തിന്റെ വശം ഏതൊരു ഭീഷണമായ ഖഡ്ഗമാണുണ്ടായിരുന്നത്? അവർ സ്വമേധയാ വിശ്വസിച്ചതായിരുന്നില്ലെങ്കിൽ പിന്നെ അവരെക്കൊണ്ട് വിശ്വസിപ്പിക്കാൻ ഏതൊരു രാജാവിന്റെ സേനയെയാണ് അദ്ദേഹം വിളിച്ചുവരുത്തിയത്? ആരുടെ സഹായമാണ് തേടിയത്?

പ്രിയ സത്യാന്വേഷികളേ! ഈ ആരോപണമെല്ലാം ഇസ്‌ലാമിന്റെ ബദ്ധവൈരികളായവരുടെ സ്വകപോലകല്പിതം മാത്രമാണ്. നബിതിരുമേനി(സ) ആകട്ടെ തന്റെ ജനനത്തിനു ശേഷം* പിതാവും താൻ അല്പവയസ്സായ ശിശുവായിരിക്കെ മാതാവും മൃതിപ്പെടുകയാൽ അനാഥനായിത്തീർന്ന ഒരു വ്യക്തിയായിരുന്നുവെന്നത് ചരിത്രത്തിൽ കണ്ണോടിക്കുന്ന പക്ഷം ആർക്കും പ്രയാസമെന്യെ മനസ്സിലാക്കാവുന്നതാണ്. തനിക്ക് അവലംബമായി ദൈവത്തിന്റെ തിരുകരം മാത്രമുണ്ടായിരുന്ന ആ പുണ്യബാലൻ ദൈവത്തിന്റെ രക്ഷാതണലിൽ വളർന്നുപോന്നു. ആ അനാഥമായ അവസ്ഥയിൽ അദ്ദേഹം അന്യരുടെ ആടുകളെ മേയ്ക്കുന്ന ജോലികൂടി ചെയ്യേണ്ടതായി വന്നിട്ടുണ്ട്. അപ്പോൾ, അദ്ദേഹത്തിന് സർവ്വാധിനാഥനായ ദൈവമല്ലാതെ രക്ഷിതാവായി ആരുമുണ്ടായിരുന്നില്ല. ഇരുപത്തിയഞ്ചു വയസ്സു പ്രായമായപ്പോഴും ആ പുണ്യപുമാന്നു തന്റെ പിതൃവ്യന്മാരിലാരും സ്വപുത്രിയെ വിവാഹം ചെയ്തുകൊടുക്കാൻ കൂട്ടാക്കിയില്ല. എന്തെന്നാൽ, പ്രത്യക്ഷത്തിൽ കാണപ്പെട്ട പ്രകാരം അദ്ദേഹത്തിന് ഒരു കുടുംബത്തെ പുലർത്താനുള്ള വകയുണ്ടായിരുന്നില്ല. തനിക്ക് വിദ്യാസമ്പാദനത്തിന് അവസരം ലഭിക്കുകയോ വാണിജ്യവ്യവസായപരമായ പരിജ്ഞാനം സിദ്ധിക്കുകയോ ചെയ്തിരുന്നുമില്ല. അങ്ങനെ അദ്ദേഹത്തിന് നാല്പതു വയസ്സായപ്പോൾ ഒരിക്കൽ അദ്ദേഹത്തിന്റെ പവിത്ര

* പിതാവായ അബ്ദുല്ലായുടെ മരണസമയത്തിൽ ചരിത്രകാരന്മാർക്കിടയിൽ, നബിയുടെ ജനനത്തിനു മുമ്പേയാണെന്നും ശേഷമാണെന്നും അഭിപ്രായഭിന്നതയുണ്ട്. (നോക്കുക ഇസ്‌ലാം ക്വിസ്, എം.ടി. മുഹമ്മദലി എം.എ. പ്രസാധകർ, ഓറിയന്റൽ ബുക്സ്, അരീക്കോട്, 1991 ഏപ്രിൽ.) (പ്രസാധകർ).

മാനസം ദൈവത്തിന്റെ വെളിപാടിന് പാത്രമായി ഭവിച്ചു. മക്കായിൽനിന്നു ഏതാനും നാഴിക അകലെയുള്ള ഹിറാ പർവ്വതഗുഹയിൽ ഏകാകിയായി ചെന്നുഅതിൽ മറഞ്ഞിരുന്നു അദ്ദേഹം ദൈവത്തെ ഭജിക്കാറുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം അവിടെ ധ്യാനനിഷ്ഠനായിരിക്കവെ അദ്ദേഹത്തെ ദൈവം തന്റെ വെളിപാടും ബോധനവും നല്കി അനുഗ്രഹിച്ചു. ലോകം ദൈവത്തെ കൈവെടിയുകയും ഭൂതലം പാപപങ്കിലമായിത്തീരുകയും ചെയ്തിരിക്കയാൽ ദൈവശിക്ഷ വരുന്നതിനു മുമ്പേ ജനങ്ങൾ അവങ്കലേക്ക് തിരിയുമാറാകുന്നതിന് അവർക്ക് താക്കീത് നല്കാനായിക്കൊണ്ട് താൻ ദൈവത്താൽ നിയുക്തനാണെന്നാണ് അദ്ദേഹത്തിനുണ്ടായ ദിവ്യബോധനത്തിന്റെ താല്പര്യം. ഈ വെളിപാടുണ്ടായപ്പോൾ താൻ അഭ്യസ്താക്ഷരനല്ലായ്കയാൽ ഭീതനായി. താൻ യാതൊന്നും വായിച്ചുപഠിച്ചിട്ടില്ലെന്ന് അദ്ദേഹം ബോധിപ്പിക്കുകയുണ്ടായി. അപ്പോൾ സർവ്വജ്ഞനായ ദൈവം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആധ്യാത്മജ്ഞാനം നിറച്ചുകൊടുക്കുകയും തന്റെ വെളിപാടും ബോധനവുംകൊണ്ട് അദ്ദേഹത്തിന്റെ ഹൃദയം പ്രകാശപൂർണ്ണമാക്കിത്തീർക്കുകയും ചെയ്തു. സാധുക്കളും വിനയനമ്രരുമായ ജനങ്ങൾ അദ്ദേഹത്തിന്റെ ആധ്യാത്മപ്രസരത്തിൽ ആകൃഷ്ടരായി അദ്ദേഹത്തിന്റെ അനുസരണവലയത്തിൽ ആനീതരായിത്തുടങ്ങി. നാട്ടിലെ വലിയവരെല്ലാം ഗർവ്വം പൂണ്ടു അദ്ദേഹത്തോട് ശത്രുത്ത്വം പ്രവർത്തിക്കുന്നതിന് (ബദ്ധകച്ചരായി) പുറപ്പെട്ടു. അദ്ദേഹത്തെ ഹനിച്ചുകളയുവാൻപോലും അവർ വട്ടംകൂട്ടി. അദ്ദേഹത്തിന്റെ അനുചരരിൽ അനേകം സ്ത്രീപുരുഷന്മാരെ ഭേദ്യംചെയ്തു കൊന്നുകളയുകയും ഒടുവിൽ അദ്ദേഹത്തെ വധിക്കുന്നതിന് ഭവനം വളയുകയും ചെയ്തു. എന്നാൽ, ദൈവം രക്ഷിക്കാൻ വിചാരിച്ച ആളെ ഹനിക്കാൻ ആർക്കു സാധിക്കും? ശത്രുക്കളുടെ ഉദ്ദേശ്യവും വിചാരവും ദൈവം തന്റെ തിരുപ്രവാചകർക്കു അറിയിച്ചുകൊടുക്കുകയും നഗരം വിട്ട് പൊയ്ക്കൊള്ളാൻ അദ്ദേഹത്തോട് ആജ്ഞാപിക്കുകയും സദാ തന്റെ സഹായം അദ്ദേഹത്തിന്നുണ്ടായിരിക്കുന്നതാണെന്നു വാഗ്ദാനം നല്കുകയുമുണ്ടായി. നബി(സ) തിരുമേനി അബൂബക്കറിനേയുംകൂട്ടി നഗരംവിട്ട്

പുറപ്പെടുകയും ഇരുവരും 'ഥൗർ' ഗുഹയിൽചെന്ന് ഒളിക്കുകയും ചെയ്തു. അവർ മൂന്ന് രാത്രി ആ ഗുഹ യിൽത്തന്നെ പാർത്തു. തിരുനബിയെ പിടിക്കുവാൻ പുറപ്പെട്ട ശത്രുക്കൾ ഒരു മാർഗ്ഗദർശകന്റെ സഹായത്തോടുകൂടി കാല്പ്പാ ടുകളെ പിന്തുടർന്നു ഗുഹയ്ക്കടുത്തെത്തി. അവിടംവരെ കാല്പാടുകൾ കണ്ടുപിടിച്ച പഥദർശകൻ, തിരുമേനിയും സഖാവും ഗുഹയിൽത്തന്നെ ഉണ്ടായിരിക്കണമെന്നും അതിന്ന പ്പുറം കാല്പാടുകൾ കാണായ്കയാൽ അവർ അവിടെനിന്ന് മുമ്പോട്ടു പോയിട്ടുണ്ടെങ്കിൽ ആകാശത്തിലേക്ക് പോയിരി ക്കാനേ തരമുള്ളൂ എന്നും തീർത്തുപറഞ്ഞു. എന്നാൽ, അഗാ ധജ്ഞനായ ദൈവത്തിന്റെ അത്ഭുത ലീലാ വിലാസത്തിന് അതി രിടുവാൻ ആർക്കു കഴിയും? ഒരു രാത്രി കൊണ്ട് ചിലന്തി അതിന്റെ വലയിൽ ആ ഗുഹയുടെ പ്രവേശനദ്വാരം മൂടിക്കള യുകയും ഒരു പ്രാവ് ഗുഹാമുഖത്ത് കൂടുണ്ടാക്കി അതിൽ മുട്ട യിടുകയും ചെയ്തു. ഗുഹയിൽ കടന്ന് പരിശോധിക്കുവാൻ വഴി കാട്ടി കൂട്ടുകാരെ പ്രേരിപ്പിച്ചപ്പോൾ കൂട്ടത്തിലൊരു വൃദ്ധൻ പറഞ്ഞു: "അല്ലേ! ഈ വഴികാട്ടി ഒരു മണ്ടനാണ്. മുഹമ്മദ് ജനിക്കുന്നതിനു മുമ്പേ തൊട്ടേ ഈ ഗുഹാമുഖത്ത് ഈ ചില ന്തിവല ഞാൻ കണ്ടുവന്നിരിക്കുന്നു." ഇത്രയും കേട്ടപ്പോൾ ആളു കളെല്ലാം അവിടെനിന്ന് പിരിഞ്ഞുപോയി. ആരും ഗുഹയിൽ കടന്ന് പരിശോധന നടത്തുവാൻ കൂട്ടാക്കിയില്ല.

**നിരാലംബരായ അഭയാർത്ഥികൾ**

അനന്തരം, നബി(സ)തിരുമേനി അവിടെനിന്നു ഗൂഢമായി പുറപ്പെട്ട് മദീനയിൽ അഭയം പ്രാപിച്ചു. അവിടുത്തെ മിക്കവാറും ജനങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചു. ഇത് മക്കക്കാരെ ഏറെ രോഷാകുലരാക്കിത്തീർത്തു. തങ്ങളുടെ ഇര കൈവിട്ടുപോയ തിൽ അവർ ഖേദിച്ചു. അന്നുമുതൽ തിരുനബി(സ)യെ ഹനി ക്കുന്നതിനു അവർ രാപകലില്ലാതെ നാനാപ്രകാരേണ പരിശ്ര മിച്ചുകൊണ്ടിരുന്നു. ആ പുണ്യാത്മാവിൽ വിശ്വസിച്ച മക്ക ക്കാരായ ചെറുസംഘം ആളുകൾ സ്വന്തം നാടും വീടും ഉപേ ക്ഷിച്ച് അന്യദേശങ്ങളിൽ അഭയംതേടി. ചിലർ അബിസ്സീനിയ

രാജാവിന്റെ ഭരണത്തിൽ ശരണംപ്രാപിച്ചു. പുറമേയെങ്ങും പോകാൻ കഴിയാഞ്ഞ ദരിദ്രർ മക്കയിൽത്തന്നെ തങ്ങുവാൻ നിർബന്ധരാകുകയും അവിടെ അവർ കഠിന യാതനകൾക്ക് ലക്ഷീഭവിക്കുകയും ചെയ്തു! സദാ സങ്കടപ്പെട്ടുകൊണ്ടിരുന്ന ആ നിസ്സഹായരുടെ വിലാപങ്ങളെക്കുറിച്ച് വിശുദ്ധഖുർആനിൽ പ്രസ്താവിതമായിട്ടുണ്ട്.

മക്കക്കാരായ അവിശ്വാസികൾ സാധുമുസ്‌ലിംകളുടെ നേർക്ക് ചെയ്തുകൂട്ടിയ കടുംകൈകളും അക്രമങ്ങളും എല്ലാ അതിരുകളേയും ഭേദിക്കുമാറ് ഘോരതരമായിത്തീർന്നു. അവർ സാധുസ്ത്രീകളേയും അനാഥക്കുട്ടികളേയും നിഷ്ക്കരുണം വധിച്ചുതുടങ്ങി. ചില സ്ത്രീകളെ അതിദാരുണമായ നിലയിൽ കൊലപ്പെടുത്തി. അവരുടെ കാലുകൾ ഒട്ടകങ്ങളോടു മുറുക്കിക്കെട്ടി ഒട്ടകങ്ങളെ വിപരീത ഭാഗങ്ങളിലേക്ക് ഓടിച്ചു അവരെ രണ്ടായി പിളർന്നുകളഞ്ഞു.

ഇപ്രകാരം അവിശ്വാസികളായ ഖുറയ്ശികളുടെ പീഡനങ്ങളും ഹിംസകളും അങ്ങേയറ്റം നിഷ്ഠൂരവും ക്രൂരതരവും ആയിത്തീർന്നപ്പോൾ കരുണാനിധിയായ ദൈവം തന്റെ ഭക്തജനത്തിന്റെമേൽ കനിവാർന്നു. അവൻ അവരുടെ വിലാപങ്ങൾ കേൾക്കുകയും ആത്മരക്ഷാർത്ഥം അക്രമികളുടെനേരെ ആയുധമെടുത്തുകൊള്ളാൻ അവർക്ക് അനുവാദം നല്കുകയും ചെയ്തു. നിരപരാധികളെ വാൾകൊണ്ട് നശിപ്പിക്കുവാൻ പുറപ്പെട്ടവർ വാളാൽതന്നെ നശിക്കുമെന്നും എന്നാൽ, വിശ്വാസികൾ അതിരുകടന്ന് പ്രവർത്തിക്കരുതെന്നുകൂടി അവർക്കു ആജ്ഞ നല്കപ്പെട്ടു. എന്തെന്നാൽ, അതിരു ലംഘിക്കുന്നവരെ ദൈവം സ്നേഹിക്കുന്നില്ല.

### മതത്തിൽ ബലാൽക്കാരമില്ല

ഇതാകുന്നു ഇസ്‌ലാമിക ജിഹാദിന്റെ അഥവാ മതപരയുദ്ധത്തിന്റെ യാഥാർത്ഥ്യം. ഈ വസ്തുത അതിക്രൂരമാംവിധത്തിൽ മിഥ്യാപ്രസ്താവത്തിനും ആക്ഷേപനിരൂപണത്തിനും വിധേയമായി തീർന്നിരിക്കുന്നു. ദൈവം ക്ഷമാനിധിയാണെങ്കിലും അക്രമിയായ ജനത്തിന്റെ മർദ്ദനങ്ങളും ഹിംസകളും

സീമാതീതമായി വർദ്ധിക്കുമ്പോൾ അവൻ അവരെ ശിക്ഷിക്കാതെ വിടുന്നില്ല. അവരുടെ നാശത്തിന് അവൻതന്നെ വഴിയൊരുക്കുമാറാകുന്നു. ഇസ്‌ലാം വാൾകൊണ്ട് പ്രചരിച്ച മതമാണെന്ന് എതിർപക്ഷം എവിടെനിന്നു ഗ്രഹിച്ചു? അവരോട് ഇതാരു പറഞ്ഞു? വിശുദ്ധഖുർആനാകട്ടെ ഈ ആരോപണത്തെ നിഷേധിക്കുന്നു. അത് പറയുകയാണ്:

لَآ اِكْرَاهَ فِي الدِّيْنِ

മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല (2:257)

ദൈവം തന്റെ വിശുദ്ധഗ്രന്ഥത്തിൽ ഇപ്രകാരം വ്യക്തമാക്കിയിരിക്കെ, പിന്നെ ആരാണ് ബലാൽക്കാരത്തിന് ആജ്ഞ നല്കിയത്? അങ്ങനെ നിർബ്ബന്ധിച്ച് ജനങ്ങളെക്കൊണ്ട് വിശ്വസിപ്പിക്കാനുള്ള സാമഗ്രികളെവിടെ? ബലാൽക്കാരേണ മതപരിവർത്തനം ചെയ്യപ്പെട്ടവർ, നബി(സ) തിരുമേനിയുടെ സഹചരരെപ്പോലെ, സ്ഥിരചിത്തതയും ത്യാഗസന്നദ്ധതയും പ്രകടിപ്പിക്കാൻ മാത്രമുള്ള ഭക്തിശ്രദ്ധയും ആത്മാർത്ഥതയുമുള്ളവരായിത്തീർന്നുവെന്നോ? തിരുസഹചരരുടെ സംഖ്യ രണ്ടു മൂന്ന് ശതം മാത്രമായിത്തീർന്നപ്പോൾ അവർ പ്രതിഫലേച്ഛ കൂടാതെ സഹസ്രസംഘത്തോടു പൊരുതി. അവരുടെ എണ്ണം ആയിരമായപ്പോൾ ശത്രുക്കളുടെ ആക്രമണത്തിൽനിന്ന് രക്ഷിക്കുവാൻ അവർ ആടുമാടുകളെപോലെ തങ്ങളുടെ ശിരസ്സുകൾ കൊയ്തു കൊൾവാൻ കാട്ടിക്കൊടുക്കുകയും സ്വന്തം രക്തത്താൽ ഇസ്‌ലാമിന്റെ സത്യത്തെ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഏകദൈവ തത്ത്വം സർവ്വത്ര പ്രചരിപ്പിക്കുവാൻ അവർ വെമ്പൽകൊണ്ടു. വിശപ്പും ദാഹവും സഹിച്ചുകൊണ്ട് അവർ ഒരുഭാഗത്ത് ആഫ്രിക്കയിലെ മണലാരണ്യംവരെ ഇസ്‌ലാംമതത്തെ പ്രബോധിച്ചപ്പോൾ, മറുഭാഗത്ത് അവർ കഷ്ടതകൾ വരിച്ചുകൊണ്ട് ചീനാരാജ്യത്തുപോലും ചെന്നെത്തി. രണോത്സുകരായ ഭടന്മാരായിട്ടല്ല, കേവലം ഇസ്‌ലാംമതത്തെ പ്രബോധിക്കുവാൻ നിസംഗരായ ദർവേശ് (വിരാഗി)മാരായിട്ടത്രെ അവർ അവിടെ പ്രവേശിച്ചത്. അവരുടെ പ്രബോധനവേല

ആ രാജ്യത്തിൽ കോടിക്കണക്കിൽ മുസ്ലിംകളുണ്ടായിത്തീരുമാറുള്ള തരത്തിൽ അനുഗൃഹീതമായി ഭവിച്ചു. പിന്നെ അവർ ചാക്കുവസ്ത്രധാരികളായ ദർവേശുമാരായി നമ്മുടെ ഇന്ത്യയിലും വന്നു. അവരുടെ ഉപദേശത്തിന്റെ ഫലമായി ആര്യവർത്തത്തിന്റെ ജനസഞ്ചയങ്ങളിൽ ഒട്ടുവളരെ പേർ ഇസ്ലാംമതം ആശ്ലേഷിക്കുമാറായി. അനന്തരം ആദിമ മുസ്ലിംകൾ പശ്ചിമദിക്കിലേക്ക് തിരിഞ്ഞു. യൂറോപ്പിന്റെ അതിർത്തികളിലോളം ഏകദൈവസിദ്ധാന്തം പ്രചരിപ്പിക്കുകയുണ്ടായി.

സത്യതല്പരരായുള്ളവരേ! നിങ്ങൾ ആത്മാർത്ഥതയോടെ സാക്ഷി പറയുവിൻ. ഇതെല്ലാം ബലാൽക്കാരം മുഖേന ഇസ്ലാംമതം വിശ്വസിച്ചവരുടെ, അതായത് നാവിൽ മാത്രം വിശ്വാസവും ഹൃദയത്തിൽ അവിശ്വാസവുമുള്ള കാപട്യമൂർത്തികളുടെ പ്രവൃത്തിയാണോ? അല്ല, ഒരിക്കലുമല്ല. ഏവരുടെ ഹൃദയം സത്യവിശ്വാസദീപ്തിയിൽ പ്രകാശമാനമായിത്തീരുകയും സത്യസ്വരൂപനായ ദൈവത്തിന്റെ പ്രേമാതിരേകം കൊണ്ട് പരിപൂരിതമായി ഭവിക്കുകയും ചെയ്തുവോ അങ്ങനെയുള്ളവരുടെ കർമ്മവിലാസമാകുന്നു.

### ഇസ്ലാമിന്റെ അധ്യാപനം

ഇനി നമുക്ക് ഇസ്ലാമിന്റെ അധ്യാപനമെന്തെന്നുള്ള വിഷയത്തിലേക്കുതന്നെ തിരിയാം. ഇസ്ലാമിന്റെ മുഖ്യോദ്ദേശ്യം ഭൂമിയിൽ ദൈവത്തിന്റെ ഏകതാസിദ്ധാന്തവും അവന്റെ പ്രഭാവവും സംസ്ഥാപിക്കുകയും സൃഷ്ടിപൂജയെ പാടെ നിരാകരിക്കുകയും വിഭിന്നജാതികളേയും വ്യത്യസ്ത കക്ഷികളേയും ഒരേ മുദ്രാവാക്യത്തിൽ സംഘടിപ്പിച്ച് ഏകജാതിയാക്കിത്തീർക്കുകയും ചെയ്യുകയാകുന്നു. മുമ്പേയുള്ള എല്ലാ മതങ്ങളുടേയും ദിവ്യപ്രവാചകന്മാരുടേയും ലക്ഷ്യം പ്രത്യേകം പ്രത്യേകം ജാതിക്കാരേയോ രാജ്യക്കാരേയോ പരിചരിക്കുക മാത്രമായിരുന്നു. ആ പ്രവാചകന്മാർ അവരുടെ ജനതകൾക്ക് ധാർമ്മികപാഠങ്ങൾ നല്കിയിട്ടുണ്ടെങ്കിൽ അവരുടെ ഉദ്ദേശ്യം അതതു ജാതിക്കാരെ മാത്രം ആ തത്ത്വസംഹിതകൾ മുഖേന ധാർമ്മികമായി ഉയർത്തുക എന്നതായിരുന്നു. ഉദാഹരണമായി, യേശുമിശിഹ,

സുവ്യക്തം പ്രബോധിച്ചിരിക്കുന്നത് തന്റെ ദൗത്യം ഇസ്റായേൽ ഗോത്രത്തിനു മാത്രമുള്ളതാണെന്നത്രെ. ഇസ്റായീലിയല്ലാത്ത ഒരു സ്ത്രീ യേശുവിനെ സമീപിച്ച്, "കർത്താവേ! എന്നിൽ കരുണ തോന്നേണമേ" എന്നു സവിനയം അപേക്ഷിച്ചപ്പോൾ താൻ ഇസ്റായീല്യർക്കല്ലാതെ അയക്കപ്പെട്ടിട്ടില്ലെന്ന് പറഞ്ഞു അദ്ദേഹം അവളെ നിരസിക്കുകയാണുണ്ടായത്. ആ സാധ്വി വീണ്ടും അഭ്യർത്ഥിച്ചപ്പോൾ "കുഞ്ഞുങ്ങൾക്കുള്ള അപ്പം എടുത്ത് നായ്ക്കുട്ടികൾക്ക് ഇട്ടുകൊടുക്കുന്നത് ഉചിതമല്ല" എന്ന് ഉദീരണം ചെയ്തുകൊണ്ട് അദ്ദേഹം തന്റെ ദൗത്യം ഇസ്റായീല്യേതരർക്കുള്ളതല്ലെന്നതിന് ദൃഢീകരിക്കുകതന്നെ ചെയ്തു. എന്നാൽ, നമ്മുടെ നബി(സ) തിരുമേനി താൻ അറബികൾക്കായിട്ടുമാത്രം പ്രേഷിതനായ പ്രവാചകനാണെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. മറിച്ച്, തന്റെ ദൗത്യത്തിന്റെ വിശ്വവ്യാപകതയെ പ്രഘോഷിക്കുകയാണ് ചെയ്തത്. വിശുദ്ധഖുർആൻ പറയുന്നു:

قُلْ يَآيُّهَا النَّاسُ اِنِّيْ رَسُوْلُ اللّٰهِ اِلَيْكُمْ جَمِيْعًا

"പ്രവാചകരേ! പറയുക: അല്ലയോ മനുഷ്യകുലമേ! ഞാൻ നിങ്ങളെല്ലാവർക്കുമായുള്ള പ്രവാചകനാകുന്നു" (7:158).

എന്നാൽ, ഹദ്റത്ത് ഈസാ(അ) തന്റെ അടുക്കൽചെന്ന സ്ത്രീയോട് തള്ളിപ്പറഞ്ഞതിന് അദ്ദേഹത്തെ കുറ്റപ്പെടുത്താൻ നിർവ്വാഹമില്ലെന്നത് ഇവിടെ പ്രത്യേകം സ്മരണീയമാണ്. അന്ന് ഒരു വിശ്വൈക ദൗത്യത്തിനുള്ള കാലം ആയിരുന്നില്ല. തന്മൂലം ഹദ്റത്ത് ഈസാ(അ) ദൈവത്താൽ ആജ്ഞാപിക്കപ്പെട്ടിരുന്നത് അദ്ദേഹത്തിന്റെ പ്രബോധനം ഇസ്റായേൽക്കാരുടെ ഇടയിൽ മാത്രമായിരിക്കണമെന്നും ഇതര ജാതിക്കാരുമായി അദ്ദേഹത്തിന് യാതൊരു ബന്ധവുമില്ലാതിരിക്കണമെന്നും അത്രെ. ഞാൻ മുമ്പേ പറഞ്ഞുവന്ന പ്രകാരംതന്നെ ഹദ്റത്ത് ഈസായുടെ ധാർമ്മികാധ്യാപനം യഹൂദർക്ക് മാത്രമായിട്ടുള്ളതായിരുന്നു. തൗറാത്തിൽ (മോശയുടെ നിയമസംഹിതയിൽ) നിഷ്കർഷിക്കപ്പെട്ടിട്ടുള്ളത് പല്ലിനു പകരം പല്ല്, കണ്ണിനു പകരം കണ്ണ്, മൂക്കിന് പകരം മൂക്ക് എന്ന തരത്തിലുള്ള ശിക്ഷാനിയമ

മായിരുന്നു. ഈ അധ്യാപനത്തിന്റെ ഉദ്ദേശ്യം യഹൂദരുടെ ഇടയിൽ നീതിയും ന്യായവും നിലനിറുത്തുകയും അതിക്രമത്തിൽനിന്നു അവരെ തടഞ്ഞുനിറുത്തുകയും ചെയ്യുക ആയിരുന്നു. കാരണം നാന്നൂറ് വർഷങ്ങളോളം അടിമത്തത്തിൽ വസിക്കുകയാൽ അവർ കഠിനഹൃദയരും നീചമനസ്കരുമായി അധഃപതിക്കുകയും അനീതിയും നെറികേടും അവരുടെ പ്രത്യേക സ്വഭാവചിഹ്നങ്ങളായിത്തീരുകയും ചെയ്തിരുന്നു. അതേപ്രകാരംതന്നെ യേശുവിന്റെ അവതാരകാലത്ത് ശിക്ഷാനടപടിയിലുള്ള യഹൂദരുടെ അതിരുകവിഞ്ഞ കണിശതാ സ്വഭാവത്തിന് പരിഹാരം കാണേണ്ടതിന് സൗമ്യതയേയും കരുണയേയും കുറിച്ച് കർശനമായി നിഷ്കർഷിക്കുന്ന ഒരു സദാചാരധർമ്മം അത്യാവശ്യമായിത്തീർന്നു. ആയതിനാൽ, യേശുമിശിഹ(അ) ക്ഷമയെക്കുറിച്ച് നിഷ്കൃഷ്ടമായി ഉപദേശിച്ചുതുടങ്ങി. അതിനാൽ 'ഇഞ്ചീലിൽ' (സുവിശേഷങ്ങളിൽ) ഉൾക്കൊണ്ട ധർമ്മോപദേശം യഹൂദരെ മാത്രം ഉദ്ദേശിച്ചുള്ളതാണ്; ലോകത്തെ ആകമാനം സംബോധന ചെയ്തുള്ളതല്ല. എന്തെന്നാൽ, യേശുവിന് ഇതരജാതിക്കാരുമായി യാതൊരു കാര്യവുമില്ലായിരുന്നു.

യേശുവിന്റെ ധർമ്മോപദേശം മുഴുലോകത്തോടുമുള്ള അനുകമ്പയെ അടിസ്ഥാനമാക്കിയുള്ളതല്ലെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്.എന്തെന്നാൽ അത് അപരാധിയോടാണ് അനുകമ്പ പ്രദർശിപ്പിക്കുന്നത്. അപരാധം ചെയ്യപ്പെട്ടവനോടല്ല. ഈയൊരു ന്യൂനത മാത്രമല്ല അതിനുള്ളത്. മറ്റൊരു ന്യൂനത കൂടിയുണ്ട്. "തൗറാത്ത് അങ്ങേയറ്റത്തെ പ്രതിക്രിയാ നടപടിയെക്കുറിച്ച് നിഷ്കർഷിക്കുമ്പോൾ, 'ഇഞ്ചീൽ' സർവ്വഥാ ക്ഷമയും സഹനവും കൈക്കൊള്ളാൻ ഉദ്ബോധിപ്പിക്കുന്നു. ഈ രണ്ട് ധർമ്മസംഹിതകളും മാനുഷവൃക്ഷത്തിന്റെ സർവ്വശാഖകളുടെയും അഭിവൃദ്ധിയെ ലക്ഷീകരിച്ചുള്ളതല്ല. 'തൗറാത്ത് ഈ വൃക്ഷത്തിന്റെ ഒരു ശാഖയെ പോഷിപ്പിക്കവെ, 'ഇഞ്ചീൽ' അതിന്റെ മറ്റൊരു ശാഖയെ സ്പർശിക്കുന്നു. അങ്ങനെ അവ രണ്ടിന്റേയും അധ്യാപനം രണ്ടഗ്രങ്ങളിലായി വർത്തിക്കുന്നതും സർവ്വോചിതമായ മദ്ധ്യമാർഗ്ഗത്തിൽനിന്ന് നിപതിക്കുന്നതും ആയിരിക്കു

ന്നു. എല്ലാ കാലത്തും ഏതവസ്ഥയിലും അപരാധത്തിനു ശിക്ഷ കൊടുത്തേ തീരൂ എന്ന പ്രതിക്രിയാനിഷ്ഠ സന്ദർഭോചിതമായ സ്വഭാവരൂപീകരണത്തിനും നൈതികധർമ്മത്തിന്റെ വളർച്ചയ്ക്കും അനുയോജ്യമല്ലെന്നപോലെതന്നെ എല്ലായ്പ്പോഴും ഏതുനിലയിലും അപരാധം ക്ഷമിച്ചുകൊടുക്കുക എന്നതും മനുഷ്യന്റെ ഉത്ക്കൃഷ്ടമായ സ്വഭാവസംസ്കരണത്തിന് അനുകൂലമായിട്ടുള്ളതല്ല. അതുകൊണ്ടുതന്നെയാണ് വിശുദ്ധ ഖുർആൻ വിരുദ്ധാഗ്രങ്ങളിൽ നിലകൊള്ളുന്ന പ്രസ്തുത അധ്യാപനങ്ങളെ ഖണ്ഡിച്ചുകൊണ്ട് ഇങ്ങനെ നിർദ്ദേശിച്ചിരിക്കുന്നത്.

وَجَزَٰٓؤُا۟ سَيِّئَةٍ سَيِّئَةٌ مِّثْلُهَا ۖ فَمَنْ عَفَا
وَأَصْلَحَ فَأَجْرُهُۥ عَلَى ٱللَّهِ

"തിന്മയ്ക്കുള്ള പ്രതിക്രിയ തത്തുല്യമായ ശിക്ഷയാകുന്നു. എന്നാൽ, ആർ മാപ്പു നല്കുകയും ദോഷപരിഹാരം തേടുകയും ചെയ്യുന്നുവോ, അവന് ദൈവത്തിങ്കൽ പ്രതിഫലമുണ്ട്" (42:40).

അതായത്, തൗറാത്ത് പ്രബോധിക്കുന്നതുപോലെ അക്രമത്തിനുള്ള പ്രതിക്രിയ തക്കതായ ശിക്ഷ തന്നെയാണ്. ഇഞ്ചീൽ പഠിപ്പിക്കുന്നതുപോലെ മാപ്പ് കൊടുക്കുകയും തദ്വാര നന്മ വരുത്തുകയും ചെയ്യുന്നുവെങ്കിൽ അതൊരു സദ്വൃത്തിയാകുന്നു. ഈ ക്ഷമാശീലം ദോഷപരിഹരണത്തെ ഉദ്ദേശിച്ചായിരിക്കയും അതുവഴി അപരാധിയിൽ പരിവർത്തനമുണ്ടായിവരികയും ചെയ്യുമ്പോഴാണ് അത് ശ്ലാഘ്യമായിത്തീരുന്നത്. അല്ലെങ്കിൽ തൗറാത്തിൽ പ്രസ്താവിതമായിട്ടുള്ളതുതന്നെയാണ് നിയമം.